# യഥാർത്ഥസത്യം

സാക് പുന്നൻ

# Yathartha Sathyam
## ( The Real Truth - Malayalam)

**Zac Poonen © 1977**

വിവർത്തനം വറുഗീസ് ഇട്ടിയവിരാ
പകർപ്പവകാശം ഗ്രന്ഥകർത്താന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഗ്രന്ഥകാരനെ സമീപിക്കുക:
16, Da Costa Square, Bangalore 560084

ആവശ്യപ്പെടേണ്ടും മേൽവിലാസം:

**ക്രിസ്ത്യൻ അസംബ്ലി,**
**കുമാരനല്ലൂർ പി.ഒ**
**കോട്ടയം 686 016**
**കേരളം**

## ഉള്ളടക്കം

| | പേജ് |
|---|---|
| 1. തിന്മയുടെ യഥാർത്ഥസത്യം | 3 |
| 2. പാപത്തെ സംബന്ധിച്ച യഥാർത്ഥസത്യം | 9 |
| 3 .മനസ്സാക്ഷിയെ സംബന്ധിച്ച യഥാർത്ഥസത്യം | 14 |
| 4. പാപക്ഷമയെ സംബന്ധിച്ച യഥാർത്ഥസത്യം | 17 |
| 5. മാനസാന്തരത്തെ സംബന്ധിച്ച യഥാർത്ഥസത്യം | 22 |
| 6. വിശ്വാസത്തെ സംബന്ധിച്ച യഥാർത്ഥസത്യം | 27 |
| 7. രക്ഷയെ സംബന്ധിച്ച യഥാർത്ഥസത്യം | 31 |
| 8. നിത്യതയെ സംബന്ധിച്ച യഥാർത്ഥസത്യം | 37 |

# അദ്ധ്യായം ഒന്ന്
# തിന്മയുടെ യഥാർത്ഥ സത്യം

മനുഷ്യൻ മനസ്സിലാക്കുവാൻ കഠിനപരിശ്രമം നടത്തിയിട്ടുള്ള ഏറ്റവും വലിയ ഒരു രഹസ്യമുണ്ട്. അതാണ് തിന്മയുടെ രഹസ്യം. സർവജ്ഞനും സ്നേഹവാനുമായ ദൈവം സൃഷ്ടിച്ച ഈ ലോകത്തിൽ തിന്മ ഉദ്ഭവിക്കുവാനിടയായത് എങ്ങനെ?

ലോകത്തിൽ എല്ലാ ഭാഗത്തും തിന്മയ്ക്കു പ്രാബല്യം സിദ്ധിക്കുന്നത് എന്തുകൊണ്ട്? എല്ലായിടത്തും ഇത്രയധികം രോഗവും ദാരിദ്ര്യവും ദു:ഖവും യാതനയും നിലവിലിരിക്കുന്നത് എന്തുകൊണ്ട്? ഈ കാര്യത്തിൽ നമ്മെ സഹായിക്കുവാൻ ദൈവത്തിനു താൽപര്യമില്ലേ? ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണ് ഇവയെല്ലാം. ബൈബിൾ ഇവയ്ക്കുള്ള ഉത്തരം നമുക്കു നൽകുന്നുണ്ട്.

മുന്നോട്ട് കടക്കുന്നതിനുമുമ്പ് ദൈവത്തെ സംബന്ധിച്ച ചില വസ്തുതകൾ നാം വ്യക്തമായി ധരിക്കേണ്ടത് ആവശ്യമത്രേ.

നിത്യത മുതൽത്തന്നെ ദൈവം ഉണ്ടായിരുന്നു. കാലമെന്ന പേരിൽ നാം അറിയുന്ന പരിധിക്കപ്പുറം ജീവിക്കുന്നവനാണ് ദൈവം. തന്മൂലം അവിടുത്തേക്ക് ആരംഭവും അവസാനവും ഇല്ല. ഈ വസ്തുത മനസ്സിലാക്കുക നമുക്ക് പ്രയാസമായിരിക്കാം. മഹാസമുദ്രം മുഴുവൻ ഒരു പാത്രത്തിൽ കൊള്ളിക്കുവാൻ കഴിയാത്തതുപോലെ ദൈവജ്ഞാനത്തെ ഉൾക്കൊള്ളുവാൻ നമ്മുടെ മനസ്സുകൾക്കു കഴിവില്ലാത്തതിനാൽ മാത്രമാണിത്.

“ആദിയിൽ ദൈവം” എന്ന വാക്കുകളോടുകൂടെയാണ് ബൈബിൾ ആരംഭിക്കുന്നത് (ഉൽപത്തി അധ്യായം 1, വാക്യം 1*).

ദൈവം നിത്യകാലം മുതൽക്കേ ഉണ്ടായിരുന്നവെന്ന സത്യത്തെ വിശദീകരിക്കുവാൻപോലും ബൈബിൾ ശ്രമിക്കുന്നില്ല. ഒരു വസ്തുതയെന്ന നിലയിൽ അതു പ്രസ്താവിക്കുക മാത്രമേ ബൈബിൾ ചെയ്യുന്നുള്ളൂ.

മനുഷ്യരായ നാമുമായി വ്യക്തിപരമായ ബന്ധം പുലർത്തുവാൻ ആഗ്രഹിക്കുന്ന ഒരുവനായിട്ടാണ് ബൈബിൾ ദൈവത്തെ വെളിപ്പെടുത്തുന്നത്. എന്നാൽ വ്യക്തികളെക്കുറിച്ചുള്ള നമ്മുടെ ചിന്താഗതിയനുസരിച്ചുള്ള ഒരു വ്യക്തിയല്ല ദൈവം. ദൈവം ആത്മാവാകുന്നു. അവിടുന്നു എല്ലാവിധത്തിലും അന്തമറ്റവനും സ്വഭാവത്തിൽ ഒരിക്കലും മാറ്റമില്ലാത്തവനുമാണ്. അവിടുന്ന് സർവശക്തനും സർവജ്ഞാനവും അനന്തസ്നേഹവും അപ്രമേയമായ വിശുദ്ധിയും നിറഞ്ഞവനുമത്രേ.ദൈവത്തിന്റെ അന്തമറ്റ സ്നേഹം തികച്ചും നിസ്സ്വാർത്ഥമാണ്. അതിനാൽ ആദിമുതൽ തന്നെ തന്റെ ആനന്ദവും സന്തോഷവും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

അതുനിമിത്തം അവിടുന്ന് ജീവനുള്ള വ്യക്തികളെ സൃഷ്ടിച്ചു. ആദ്യമായിത്തന്നെ അവിടുന്ന് ലക്ഷോപലക്ഷം ദൈവദൂതന്മാരെ സൃഷ്ടിച്ചു. അവരുമായി തന്റെ മഹത്വവും സന്തോഷവും പങ്കുവയ്ക്കുവാനാണ് അപ്രകാരം ചെയ്തത്. മനുഷ്യസൃഷ്ടിക്ക് എത്രയോ മുമ്പായിരുന്നു ഇവരുടെ സൃഷ്ടി.

ദൈവദൂതന്മാരുടെ മധ്യേ അവർക്കു നായകനായിരിക്കുവാനുള്ള ഒരു ദൂതനേയും ദൈവം സൃഷ്ടിച്ചു. ലൂസിഫർ എന്നായിരുന്നു അവന്റെ പേര്. ആ പേര് ഇപ്പോൾ ഒരു ചീത്തപ്പേരായി ഗണിക്കപ്പെടുന്നുവെങ്കിലും എല്ലാ ദൈവദൂതന്മാരിലും ഏറ്റവും തേജസ്വിയും ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യശാലിയുമായ ഒരുവനായിരുന്നു ലൂസിഫർ. അവൻ എല്ലാ ദൈവദൂതന്മാർക്കും തലവനായിത്തീർന്നു.

ലൂസിഫറിലെപ്പറ്റി ദൈവം ഒരിടത്ത് ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

“നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ......അഭിഷിക്തനായ മുഖ്യദൂതനായി ഞാൻ നിന്നെ നിയമിച്ചു.......നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു” (യെഹെസ്കേൽ അധ്യായം 28 വാക്യം 12-15).

ദൈവം സൃഷ്ടിച്ച സക്ഷത്രങ്ങളിലും വൃക്ഷങ്ങളിലും നിന്നു വ്യത്യസ്തമായി ലൂസിഫറിനും മറ്റു ദൂതന്മാർക്കും സ്വതന്ത്രമായ ഒരു ഇച്ഛാശ്കതിയുണ്ടായിരുന്നു. തങ്ങൾ ദൈവത്തെ അനുസരിക്കണമോ എന്നു സ്വയം തീരുമാനിക്കുവാൻ ഇതുമൂലം അവിർക്കു കഴിയമായിരുന്നു.

ഒരുവൻ ഒരു ധാർമ്മികവ്യക്തിയാകുന്നതിനാവശ്യമായ ഒന്നാമത്തെ മുഖ്യഘടകമാണ് സ്വതന്ത്രമായ ഇച്ഛാശക്തി.നക്ഷത്രങ്ങൾക്കും വൃക്ഷങ്ങൾക്കും സ്വയം തെരഞ്ഞെടുക്കുവാൻ കഴിവില്ലാത്തതിനാൽ അവയ്ക്ക് നന്മയോ തിന്മയോ പ്രവർത്തിപ്പാൻ കഴിവില്ല. തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമില്ലാതെ സൃഷ്ടിക്കപ്പെട്ടവയാകയാൽ അവ ദൈവികനിയമങ്ങളെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നു. അതിനാൽ ദൈവമക്കളായിത്തീരാനും അവയ്ക്കു സാധ്യമല്ല. ഒരു ശാസ്ത്രജ്ഞൻ നിർമ്മിക്കുന്ന ഒരു യന്ത്രമനുഷ്യൻ എല്ലാ കല്പനകളും

* ദൈവവചനമായ ബൈബിളിലെ 66 പുസ്തകങ്ങളിൽ ആദ്യത്തെതാണ് ഉൽപത്തി. ഈ ലഘുഗ്രന്ഥത്തിൽ ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ള എല്ലാ പരാമർശങ്ങളും ബൈബിളിലെ ഏതെങ്കിലുമൊരു പുസ്തകത്തിൽനിന്ന് എടുത്തിട്ടുള്ളവയാണ്.

അനുസരിക്കുമെങ്കിലും അയാളുടെ പുത്രൻ ചെയ്യാറുള്ളതുപോലെ ഒരിക്കലും പരാതിപ്പെടകയില്ല. ആ യന്ത്ര മനുഷ്യന് ഒരിക്കലും അയാളുടെ പുത്രനായിത്തീരുവാനും സാധ്യമല്ല.

ധാർമ്മികവ്യക്തിയായിത്തീരുവാനാവശ്യമായ രണ്ടാമത്തേ അവശ്യഘടകം മനസ്സാക്ഷിയാണ്. പക്ഷികൾക്കും മൃഗങ്ങൾക്കും സ്വന്തതെരഞ്ഞെടുപ്പനുസരിച്ച് കാര്യങ്ങൾ ചെയ്യുവാൻ കഴിവിണ്ട്. എങ്കിലും അവയ്ക്ക് ഒരു മനസ്സാക്ഷിയില്ലാത്തതിനാൽ അവ ധാർമികവ്യക്തികളല്ല. അതിനാൽ അവയ്ക്ക് വിശുദ്ധരോ പാപികളോ ആകുവാനും സാധ്യമല്ല. തന്മൂലം അവയ്ക്ക് ദൈവമക്കളാകുവാനും കഴിവില്ല, എന്തെന്നാൽ ദൈവം ഒരു ധാർമ്മികവ്യക്തിയാണല്ലോ.

വാസതവമാലോചിച്ചാൽ പക്ഷിമൃഗാദികൾക്ക് മനിഷ്യരായ നമ്മുടെ മക്കളായിരത്തീരുവാനും സാധ്യമല്ലല്ലോ.

നിങ്ങൾ നൽകുന്ന എല്ലാ കല്പനയും അനുസരിക്കുമാറ് ഒരു നായെ പരിശീലിപ്പിക്കുവാൻ നിങ്ങൾക്കു കഴിയും: എങ്കിലും ആ നായ്ക്ക് നിങ്ങളുടെ മകനായിത്തീരുവാൻ സാധ്യമല്ല: എന്തെന്നാൽ നിങ്ങളുടെ അതേ സ്വഭാവം ഉള്ള ഒരുവനായിരിക്കണമല്ലോ നിങ്ങളുടെ മകൻ. നിങ്ങളുടെ പട്ടിക്ക് ആ സ്വാഭാവം ഒരിക്കലും ഉണ്ടാവുകയില്ല.

എന്നാൽ ദൈവം മനുഷ്യനെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിച്ചു. ഇത് അവിടുത്തെ മക്കളാകുവാനുള്ള സാധ്യത നമുക്ക് നൽകുന്നു.

നാം ധാർമ്മികവ്യക്തികളാണെന്നു നമ്മെ ഓർമ്മിപ്പിക്കുകയും നാം ദൈവീകനിയമങ്ങളെ ലംഘിക്കുമ്പോൾ നമുക്ക് കുറ്റബോധമുള്ളവാക്കുകയും ചെയ്യുമാറ് നമ്മിൽ പ്രവർത്തിക്കുന്ന ദിവ്യശബ്ദമാണ് മനസ്സാക്ഷി.

സ്വതന്ത്രമായ ഇച്ഛാശക്തിയും മനസ്സാക്ഷിയും- രണ്ടും ഉള്ളവരായിട്ടാണ് ദൈവദൂതന്മാർ സൃഷ്ടിക്കപ്പെട്ടത്. അങ്ങനെ ധാർമ്മികജീവികളായിരിക്കുമാറ് ആ കാലത്ത് ദൈവസൃഷ്ടികളിൽവച്ച് നിസ്തുല്യരായിരുന്നു അവർ എങ്കിലും അവരുടെ നായകനായിരുന്ന ലൂസിഫറിന് വേഗം തന്നെ നല്ലതല്ലാത്ത ചിന്തകളും ആഗ്രഹങ്ങളും ഉണ്ടായി.

ഈ പ്രപഞ്ചത്തിൽ ആദ്യമായി തിന്മ ഉദ്ഭവിച്ചത് ഇവിടെയായിരുന്ന.

ലൂസിഫറിന്റെ ചിന്തകൾ നന്മയിൽനിന്നകന്നവയായിരുന്നുവെന്ന് മാത്രമല്ല, അവ നിഗളപൂർവവും മാത്സര്യം കലർന്നതും അസംതൃപ്തിയോടുകൂടിയതും ആയിരുന്നു.

അന്നുവരെയും പ്രപഞ്ചം തികച്ചും വിശുദ്ധമായിരുന്നു. എന്നാലിപ്പോൾ സൃഷ്ടിക്കപ്പെട്ടതും സ്വതന്ത്രേച്ഛയുള്ളതുമായ ഒരു ജീവിയുടെ ഹൃദയത്തിൽ തിന്മ അഥവാ ദുഷ്ടത അതിന്റെ മലിനശിരസ്സുയർത്തുകയാണ് ചെയ്തത്.

തിന്മ ആദ്യം ഉദ്ഭവിച്ചത് ഹൃദയത്തിലായിരുന്നുവോന്നോർക്കുക. ആരംഭഘട്ടത്തിൽ ബാഹ്യമായ ഒരു പ്രവൃത്തിയും ഉണ്ടായില്ല. ഇന്നും തിന്മ ആരംഭിക്കുന്നത് ഹൃദയത്തിൽ തന്നെ.

ലോകത്തിൽ തിന്മ കടക്കുവാനിടയാക്കിയ ആദ്യപാപം നിഗളമായിരുന്നു എന്നതും ഓർക്കുക. അപ്പോൾ ദൈവം ലുസിഫറിനെ തന്റെ അടുത്ത സാന്നിധ്യത്തിൽനിന്നും പുറത്താക്കിക്കളഞ്ഞു. ആ നിമിഷംമുതൽ ലൂസിഫർ സാത്താനെന്ന പേരിൽ വിളിക്കപ്പെട്ടു.

സാത്താന്റെ പതനത്തെപ്പറ്റി ബൈബിൾ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

" പ്രാഭാതപുത്രനായ ലൂസിഫറേ നീ എങ്ങനെ ആകാശത്തുനിന്നു വീണു? ബലശാലിയായരുന്നുട്ടും വെട്ടേറ്റു നിലത്തുവീണതെങ്ങനെ? ' ഞാൻ സ്വർഗ്ഗത്തിലേക്കു കയറിച്ചെന്ന് ദൂതന്മാരുടെമേൽ വാഴും: അത്യുന്നതസിംഹാസനത്തിൽ ഞാൻ ഇരുന്നരുളും: ഉന്നതസ്വർഗ്ഗത്തിലേക്കു ഞാൻ കയറുകയും സർവോന്നതനു തുല്യനാവുകയും ചെയ്യും' എന്നാണല്ലോ നീ നിന്നോടുതന്നെ പറഞ്ഞത്. എന്നാൽ ഏറ്റവും അടിത്തട്ടിലുള്ള നരകഗർത്തത്തിലേക്കു നിന്നെ തള്ളിക്കളയും" (യെശയ്യാവ് അധ്യായ 14, വാക്യം 12-15. ലിവിംഗ് ബൈബിൾ).

എങ്കിലും ലൂസിഫർ ഭ്രഷ്ടനാക്കപ്പെട്ട സമയത്തിനുള്ളിൽ മറ്റു ദൈവദൂതന്മാരിൽ ഗണ്യമായ ഒരു സംഘത്തെക്കുടെ തന്റെ മത്സരത്തിൽ പങ്കാളികളാക്കുവാൻ അവനു കഴിഞ്ഞു. ഒരു വലിയ സംഘംദൈവദൂതന്മാർ -സ്വർഗ്ഗത്തിലുണ്ടായിരുന്നതിൽ മൂന്നിലൊരു പങ്കു ദൂതന്മാർ തന്നെ- അവനോടു ചേർന്നു.(വെളിപ്പാട് അധ്യായം 12, വാക്യം 4-ൽ നാം ഇതിനെപ്പറ്റി വായിക്കുന്നു). തന്മൂലം അവരെയും ലൂസിഫറിനെയും ദൈവം പുറത്താക്കിക്കളഞ്ഞു. പതനം സംഭവിച്ച ഈ ദൂതന്മാരാണ് ഇന്ന് മനുഷ്യരെ പീഡിപ്പിക്കുന്ന അശുദ്ധാത്മാക്കൾ അഥവാ ദുർഭൂതങ്ങൾ.

ഒരു പക്ഷേ നിങ്ങൾ തന്നെയും അശുദ്ധാത്മാക്കളാലോ നിങ്ങളുടെമേൽ ആഭിചാരപ്രയോഗം നടത്തിയിട്ടുള്ള മന്ത്രവാദികളാലോ പീഢിപ്പിക്കപ്പെട്ടിരിക്കാം. അങ്ങനെയെങ്കിൽ ബൈബിളിന് നിങ്ങൾക്കു നൽകുവാൻ ഒരു സുവാർത്തയുണ്ട്. അവയുടെ പീഢനത്തിൽനിന്നു ശാശ്വതമായും പൂർണ്ണമായുമുള്ള ഒരു വിടുതൽ പ്രാപിപ്പാൻ നിങ്ങൾക്കു കഴിയും.

ഈ പുസ്തകം നിങ്ങൾ ശ്രദ്ധാപൂർവം വായിക്കുക. നിങ്ങൾ അതു പൂർത്തിയാക്കുമ്പോഴേക്ക് നിങ്ങൾക്കുവേണ്ടി എന്തുവലിയ അദ്ഭുതകാര്യങ്ങളാണ് ദൈവത്തിനു ചെയ്യുവാൻ കഴിയുന്നതെന്നു നിങ്ങൾ മനസ്സിലാക്കും.

ഈ ഘട്ടത്തിൽ ചിലർ ചോദിക്കുന്ന ഒരു ചോദ്യം ഇതാണ്: " ലോകത്തിലുള്ള സകല തിന്മകൾക്കും കാരണഭൂതൻ സാത്താനാണെങ്കിൽ ദൈവം സാത്താനെയും മറ്റെല്ലാ ദുഷ്ടാത്മാക്കളേയും എന്തുകൊണ്ടു നശി

പ്പിക്കുന്നില്ല?"

തീർച്ചയായും താൻ ആഗ്രഹിക്കുന്നപക്ഷം ഒരു നിമിഷംകൊണ്ട് ദൈവത്തിന് അതു ചെയ്യുവാൻ കഴിയും. എന്നാൽ ദൈവം അപ്രകാരം ചെയ്യുന്നില്ല.

തന്റെ അനന്തജ്ഞാനത്തിൽ സാത്താനെയും ഈ ദുരാത്മാക്കളെയും നിലനിൽക്കുവാൻ അനുവദിക്കുന്നതിൽ ദൈവത്തിന് ഒരുദ്ദേശ്യമുണ്ടെന്ന് ഇതു തെളിയിക്കുന്നു. ആ ഉദ്ദേശ്യത്തിന്റെ ഒരു ഭാഗം ഇതാണ്: മനുഷ്യർ ഈ ഭൂമിയിൽ തങ്ങളുടെ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നതിനുപകരം ദൈവത്തിങ്കലേക്കു തിരിയുവാനും നിത്യതയെപ്പറ്റി ചിന്തിക്കുവാനും ഇടയാകുമാറ് ഈ ഭൂമിയിലെ ജീവിതത്തെ വിഷമകരവും അരക്ഷിതവും ആപൽക്കരവുമാക്കുവാൻ സാത്താനെ ദൈവം ഉപയോഗിക്കുന്നു.

ഈ ഭൂമിയിലെ ജീവിതം രോഗവും ദു:ഖവും ദാരിദ്ര്യവും യാതനയുമൊന്നുമില്ലാതെ വളരെ സുഖകരമായിരുന്നെങ്കിൽ ആരും തന്നെ ദൈവത്തെപ്പറ്റി ചിന്തിക്കുമായിരുന്നില്ല. അതുകൊണ്ട് തന്നെപ്പററി ചിന്തിക്കുവാനും നമ്മുടെ ഞെരുക്കത്തിൽ നാം തങ്കലേക്കു തിരിയുവാനുമായി ഭൗമികജീവിതത്തിലെ ദു:ഖങ്ങളെയും അരക്ഷിതാവസ്ഥകളെയും ദൈവം ഉപയോഗിക്കുന്നു.

നിങ്ങളുടെ ജീവിതത്തിലേക്കു സാത്താൻ കൊണ്ടുവരുന്ന പ്രശ്നങ്ങളെയും രോഗങ്ങളേയും കഷ്ടതകളേയും സ്നേഹവാനായ ദൈവം അനുവദിച്ചിട്ടുള്ളത് നിങ്ങൾ തങ്കലേക്ക് തിരിയുന്നതിനുവേണ്ടയാണ് . ആ വിധത്തിലാലോചിച്ചാൽ ആ പ്രശ്നങ്ങളും യാതനകളും നിങ്ങളോടുള്ള ദൈവസ്നേഹത്തിന്റെ ഒരു ലക്ഷണമാണ്.

ഇതാണ് ബൈബിൾ നൽകുന്ന സന്ദേശം. ഒരിക്കൽ ദൈവത്തോടു അടുത്തു ജീവിച്ച ഒരു വ്യാപാരിയുടെ കഥ ഞാൻ കേട്ടിട്ടിണ്ട്. തന്റെ വ്യാപാരം അഭിവൃദ്ധിപ്പെട്ടതോടെ അയാൾ ദൈവത്തിൽനിന്ന് അകന്നുപോയി. അയാളുടെ സഭയിലെ മൂപ്പന്മാർ വീണ്ടും വീണ്ടും വന്ന് അയാളോടു സംസാരിക്കുകയും ദൈവത്തിലേക്ക് അയാളെ തിരിയെക്കൊണ്ടുവരുവാൻ പരിശ്രമിക്കുകയും ചെയ്തു, എങ്കിലും അയാൾ പൂർണ്ണമായും തന്റെ വ്യാപാരത്തിൽ മുഴുകിപ്പോയിരുന്നു. ഒരു ദിവസം അയാളുടെ മുന്നു പുത്രന്മാരിൽ ഏറ്റവും ഇളയവനെ ഒരു വിഷപ്പാമ്പു കടിച്ചു. കുട്ടിക്ക് വിഷബാധ വല്ലാതെ മുർച്ഛിച്ചു. ഡോക്ടർമാർതന്നെയും ആശയറ്റവരായിത്തീർന്നു. ആ പിതാവ് അത്യന്തം വ്യാകുലനായി കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഭയിലേ ഒരു മൂപ്പനെ ആളയച്ചുവരുത്തി. ആ മൂപ്പൻ ജ്ഞാനമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം വന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: "കർത്താവേ , ഈ കുട്ടിയെ കടിക്കുവാനായി ആ പാമ്പിനെ അയച്ചതിനാൽ അങ്ങേയ്ക്ക് സ്തോത്രം. എന്തെന്നാൽ അങ്ങയെപ്പറ്റി ചിന്തിക്കുന്ന ഒരവസ്ഥയില്ക്ക് ഈ കുടുംബത്തെ നയിക്കുവാൻ എനിക്ക് ഒട്ടും സാധിച്ചില്ല. ആറു വർഷമായി എനിക്കു സാധിക്കാതിരുന്ന കാര്യം ഒറ്റ നിമിഷംകൊണ്ട് ഈ പാമ്പ് സാധിച്ചിരിക്കുന്നു. ഇപ്പോൾ ഇവർ ഈ പാഠം പഠിച്ചിരിക്കുന്ന നിലയ്ക്ക കർത്താവേ , ഈ പൈതലിനു സൗഖ്യം നൽകണമേ. ഇനിയൊരിക്കലും അങ്ങയെ ഓർക്കാനായി ഒരു പാമ്പിന്റെ സഹായം അവർക്കാവശ്യമായി വരാത്തവിധം അവരെ സഹായിക്കയും ചെയ്യണമേ".

കാൻസറോ മറ്റേതെങ്കിലും കഠിനരോഗങ്ങളോ ബാധിച്ച് ആശുപത്രിയിലാകുന്നതുവരെ ദൈവത്തേപ്പറ്റി ചിന്തിക്കയേ ചെയ്യാത്ത ആളുകളുണ്ട്. അനന്തരം പെട്ടെന്ന് അവർ ദൈവത്തെപ്പറ്റി ചിന്തിക്കുകയും രക്ഷയ്ക്കുവേണ്ടി ദൈവത്തിലേക്കു തിരിയുകയും ചെയ്യുന്നു. ആളുകൾ തങ്ങളുടെ പാപം വിട്ട് തങ്കലേക്കു തിരിയുവാൻവേണ്ടി ദൈവം ഈ ലോകത്തിൽ മാരകരോഗങ്ങളോയും കഠിനദാരിദ്ര്യത്തെയും വിപത്തുകളെയുമെല്ലാം ഉപയോഗിക്കാറുണ്ട്. അപ്രകാരം അവർ സ്വർഗ്ഗത്തിലുള്ള തങ്ങളുടെ നിത്യഭവനത്തെ കണ്ടെത്തുവാൻ ദൈവം ഇടയാക്കുന്നു ഇങ്ങനെയാണ് സാത്താന്റെ പിടിയിൽനിന്ന് ജനങ്ങളെ വിടുവിച്ച് നിത്യ രക്ഷയിലേക്ക് നയിക്കുവാൻ സാത്താൻ വരുത്തുന്ന തിന്മകളെത്തന്നെ ദൈവം ഉപയോഗിക്കുന്നത്.

ഇപ്രകാരം ദൈവം സാത്താനെ വീണ്ടും വീണ്ടും ഭോഷനാക്കിത്തീർക്കുന്നു. സാത്താൻ മറ്റുള്ളവർക്കു വേണ്ടി കുഴിക്കുന്ന കുഴിയിൽ ദൈവം അവനെത്തന്നെ വീഴിക്കുന്നു.

സാത്താൻ നശിക്കാതെ നിലനിൽക്കുവാൻ ദൈവം അനുവദിക്കുന്നതിന്റെ മറ്റൊരു കാരണം ദൈവജനങ്ങളെ ശുദ്ധീകരിക്കുക എന്നതാണ്.

തീയുടെ ദൃഷ്ടാന്തമാലോചിക്കുക. ലോകചരിത്രത്തിൽ ലക്ഷക്കണക്കിനാളുകൾ തീപിടുത്തംമൂലം മരണമടഞ്ഞിട്ടുള്ളതായി നാം മനസ്സിലാക്കുന്നു. എങ്കിലും അതുനിമിത്തം ആരുംതന്നെ തീയുപയോഗിക്കാതിരിക്കുന്നില്ല. എന്താണ്തിനു കാരണം? ഭക്ഷണസാധനങ്ങൾ പാകംചെയ്യുന്നതും മോട്ടോർവാഹനങ്ങളും വിമാനങ്ങളും യന്ത്രങ്ങളുമെല്ലാം പ്രവർത്തിക്കുന്നതും തീയുടെ സഹായത്താലാണ്. സ്വർണ്ണവും തീ മുഖേനയാണ് ശുദ്ധീകരിക്കപ്പെടുന്നത്. അങ്ങനെ തീയ് ഹാനിവരുത്തുന്നതും ആപൽക്കരവുമെങ്കിലും വളരെ നല്ല കാര്യങ്ങൾക്ക് ഉപകരിക്കുന്നതാണ്.

അതുപോലെതന്നെ സാത്താൻ ദുഷ്ടനും ആളുകളെ വഴിതെറ്റിക്കുന്നവനുമെങ്കിലും ദൈവം പിന്നെയും അവനെ ഉപയോഗിക്കുന്നുണ്ട്. ദൈവമക്കളെ വിവിധ പരീക്ഷകളിലും അഗ്നിശോധനകളിലുംകൂടെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ അനുവദിക്കുന്നു. അഗ്നിയിലുടെ ശോധന ചെയ്യപ്പെടുന്ന സ്വർണ്ണമെന്നപോലെ അവർ വിശുദ്ധരും നിഷ്കളങ്കരുമായിത്തീരുന്നതിനുവേണ്ടിയാണ് ദൈവം അപ്രകാരം ചെയ്യുന്നത്.

അതിനാൽ ലോകത്തിലുള്ള സമസ്തതിന്മകളെയും ഒരു നിമിഷത്തിനുള്ളിൽ നീക്കിക്കളയുവാൻ ദൈവത്തിനു കഴിയുമെങ്കിലും അവയിൽക്കൂടെ തന്റെ മഹത്വകരമായ ലക്ഷ്യങ്ങൾ സാധിക്കുവാൻവേണ്ടി ദൈവം അതു ചെയ്യുന്നില്ലെന്ന് നാം മനസ്സിലാക്കുന്നു.

# അധ്യായം രണ്ട്
# പാപത്തെ സംബന്ധിച്ച യഥാർത്ഥ സത്യം

ചിലയാളുകൾ പലപ്പോഴും മൃഗങ്ങളെപ്പോലെ പെരുമാറുമ്മത് എന്തുകൊണ്ടാണ്?

തങ്ങളുടെ ശാരീരികാവശ്യങ്ങളിലും ഈ ഭൂമിയിലെ തങ്ങളുടെ നിലനിൽപിലും മാത്രം അവർ തൽപരരായിരിക്കയാൽ എന്നാണ് ഇതിന്റെ ഉത്തരം.

ഒരു മൃഗത്തിന് എന്തു കാര്യത്തിലാണ് താൽപര്യം? ഭക്ഷണം, ഉറക്കം, ലൈംഗീകസംതൃപ്തി എന്നിവയിൽ മാത്രം. ഒരു മനുഷ്യൻ ഇവയിൽ മാത്രം തൽപരനായിരിക്കുമ്പോൾ അയാൾ മൃഗങ്ങളുടെ നിലവാരത്തിലേക്കു താണിരിക്കുന്നവെന്നന്ന് നമുക്ക് കരുതാം.

എന്നാൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവൻ മൃഗങ്ങളെപ്പോലെ ആകുവാനല്ല. ജന്തുസഹജമായ മോഹങ്ങൾക്കടിമയാകാതെ തന്നെപ്പോലെ ധാർമ്മികനും സത്യസന്ധനും സ്വഭാവശ്രേഷ്ഠത, ആത്മനിയന്ത്രണം എന്നിവയോടുകൂടിയവനായിത്തീരുവാനാണ് അവിടുന്ന് അവനെ സൃഷ്ടിച്ചത്.

നാം മൃഗങ്ങളെക്കാൾ ബുദ്ധിശാലികളും അഭ്യസ്തവിദ്യരുമായിരിക്കുന്നുവെന്നത് നമ്മെ അവയെക്കാൾ മെച്ചപ്പെട്ടവരാക്കുന്നുല്ല. ബുദ്ധിശാലികളും അഭ്യസ്തവിദ്യരുമായ ആളുകൾ തന്നെയും ദുരാഗ്രഹം, സ്വാർത്ഥത, ലൈംഗികമോഹം, കോപം തുടങ്ങിയവയ്ക്ക് അടിമകളാണല്ലോ.

നമ്മുടെ മനസ്സുകളെക്കാൾ ആഴത്തിലുള്ള ഒരു ഘടകം നമ്മിലുണ്ട്: അതാണ് നമ്മുടെ ആത്മാവ്. നമ്മുടെ ആത്മാക്കൾ ദൈവത്തെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. യാതൊരു മൃഗത്തിനും ഇപ്രകാരമുള്ള ഒരാത്മാവില്ല.

കഴിഞ്ഞ അധ്യായത്തിൽ നാം കണ്ടതുപോലെ ദൈവം നമ്മെ സ്വതന്ത്രമായ തെരഞ്ഞെടുപ്പിനുള്ള കഴിവോടുകൂടെ ധാർമ്മികവ്യക്തികളായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ തെരഞ്ഞെടുപ്പിനുള്ള ഈ സ്വാതന്ത്ര്യത്തിൽ ഒരാപൽസാധ്യത അടങ്ങിയിട്ടുണ്ട്. ആ സ്വതന്ത്ര്യം നമ്മെത്തന്നെ പ്രസാദിപ്പിക്കുവാനും ദൈവികനിയമങ്ങളോട് അനുസരണക്കേടു കാട്ടുവാനും അവസരം സൃഷ്ടിക്കുന്നുവെന്നതാണ് ഇവിടെയുള്ള ആപത്ത്. എന്നാൽ ഈ ആപൽസാധ്യത വന്നുകൊള്ളട്ടെ എന്നു ദൈവം കരുതുന്നു. തന്നെ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്ന മക്കൾക്കു വേണ്ടിയുള്ള അവിടുത്തെ ആഗ്രഹമാണ് ഇതിനു കാരണം.

ലോകത്തിൽ നാം കാണുന്ന സകല അവ്യവസ്ഥയും കുഴപ്പവും രോഗവും ദുരിതവുമല്ലാം മനുഷ്യൻ ദൈവത്തെ അനുസരിക്കാതെ പിശാചിന്റെ വഴി പിൻതുടരുന്നതിന്റെ പ്രത്യക്ഷലക്ഷണമാണ്.

ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യന്റെയും സ്ത്രീയുടെയും പേരുകൾ ആദാമെന്നും ഹവ്വയെന്നുമായിരുന്നു. സൃഷ്ടിക്കപ്പെട്ട സമയത്ത് അവർ നിഷ്കളങ്കരായിരുന്നു. അവർ വിശിദ്ധി പ്രാപിക്കണമെങ്കിൽ ഒരു തെരഞ്ഞെടുപ്പു നടത്തേണ്ടതു ആവശ്യമായിരുന്നു. ഒരു തെരഞ്ഞെടുപ്പു നടത്തേണ്ടതിന് അവർ പരീക്ഷിക്കപ്പെടേണ്ടതും ആവശ്യമായിതീർന്നും. അങ്ങനെയെങ്കിൽ അവർക്ക് തിന്മയെ നിരസിച്ച് പകരം ദൈവത്തെ കൈക്കൊള്ളുവാൻ സാധിക്കുമായിരുന്നു. തന്മൂലം സാത്താൻ വന്ന് അവരെ പരീക്ഷിക്കുവാൻ ദൈവം അനുവദിച്ചു.

ബൈബിളിലെ ആദ്യഗ്രന്ഥമായ ഉൽപത്തി രണ്ടും മൂന്നും അധ്യായങ്ങളിൽ ഇതിനെപ്പറ്റി നാം വായിക്കുന്നു.

നിഷ്കളങ്കതയും വിശുദ്ധിയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. നിഷ്കളങ്കതയെന്നത് ഒരു ശിശുവിൽ കാണുന്ന സ്വഭാവവിശേഷമാണ്. ആദാം സൃഷ്ടിക്കപ്പെട്ടപ്പോൾ എപ്രകാരമുള്ളവനായിരുന്നു എന്നു മനസ്സിലാക്കുവാൻ ഒരു ശിശുവിനെ നോക്കിയാൽ മതിയാകും. നിഷ്കളങ്കനും നന്മതിന്മകളെപ്പറ്റി അറിവില്ലാത്തവനുമാണല്ലോ ശിശു. എന്നാൽ ആ ശിശു വുശുദ്ധനോ സമ്പൂർണ്ണനോ അല്ല. ,സമ്പൂർണ്ണതയിലെത്തുവാൻ ആ ശിശു വളർന്നുവന്നു തിന്മയെ തൃജിക്കയും നന്മയെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന ചില തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാവശ്യമാണ്.

നമ്മുടെ മനസ്സിൽ നാം പ്രലോഭനങ്ങൾക്കു കീഴടങ്ങാതെയിരിക്കുമ്പോഴാണ് നമുക്കു സ്വഭാവശ്രേഷ്ഠതയുണ്ടാകുന്നത്. നിങ്ങളുടെ ജീവിതത്തിൽ ഇന്നുവരെയും നിങ്ങൾ നടത്തിയിട്ടുള്ള തെരഞ്ഞെടുപ്പുകളാണ് നിങ്ങളെ ഇന്നുകാണുന്ന വിധത്തിൽ ആക്കിത്തീർത്തിട്ടുള്ളത്.

നിങ്ങൾക്കു ചുറ്റുമുള്ള മറ്റാളുകൾ നിങ്ങളെക്കാൾ മെച്ചപ്പെട്ടവരാണെങ്കിൽ അവർ തങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ചെയ്യതതിലേക്കാൾ മെച്ചമായ തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടുള്ളതാണ് അതിന്റെ കാരണം. ഓരോ ദിവസവും നാമെല്ലാം തെരഞ്ഞെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. നാം അന്തിമമായി എന്തായിത്തീരുന്നുവെന്നു തീരുമാനിക്കുന്നത് ആ തെരഞ്ഞെടുപ്പുകളാണ്.

ദൈവം ആദ്യത്തെ മനുഷ്യനെയും സ്ത്രീയെയും സൃഷ്ടിച്ചപ്പോൾ സാത്താനാൽ പരീക്ഷിക്കപ്പെടുവാൻ അവരെ അനുവദിച്ചിട്ട് അതിലൂടെ വിശുദ്ധി പ്രാപിക്കുവാനുള്ള അവസരം അവർക്കു നൽകി അവിടുന്നു അവരെ ഒരു തോട്ടത്തിലാക്കിയശേഷം തോട്ടത്തിലെ ഒരു വൃക്ഷത്തിന്റേതൊഴികെ സകല വൃക്ഷങ്ങളുടെയും ഫലം അവർക്കു തിന്നാമെന്ന് അവരോടു പറഞ്ഞു. അത് ഒരു പരീക്ഷണമായിരുന്നു.

വാസ്തവത്തിൽ അത് വളരെ അനായസമായ ഒരു പരീക്ഷണമായിരുന്നു. കാരണ, സ്വാദിഷ്ഠമായ ഫല

ങ്ങളുള്ള ആയിരക്കണക്കിനു വൃക്ഷങ്ങൾ നിറഞ്ഞ ഒരു തോട്ടത്തിലാണ് അവരെ ദൈവം ആക്കിയിരുന്നത്. അനന്തരം ഒരു വൃക്ഷത്തിന്റേതൊഴികെ മറ്റെല്ലാത്തിന്റെയും ഫലം തിന്നുവാൻ അവരെ അനുവദിക്കുകയും ചെയ്തു. എന്നാൽ അനുസരണത്തിന്റെ ആ ലളിതമായ പരീക്ഷയിൽ അവർ തോറ്റുപോയി.

എന്തെന്നാൽ സാത്താൻ ആ തോട്ടത്തിലേക്കു കടന്നുചെന്ന് ആ വിലക്കപ്പെട്ട വൃക്ഷഫലം തിന്നുന്നുപക്ഷം അവർ ദൈവത്തെപ്പോലെയാകുമെന്ന് അവരോടു പറഞ്ഞു. ആ സമയത്ത് ആദാമിനുംഹവ്വയ്ക്കും ഉണ്ടായ പരീക്ഷ ഒരു വൃക്ഷഫലം തിന്നുന്നതിനെക്കുറിച്ചുള്ള ലളിതമായ പരീക്ഷയല്ലായിരുന്നു. മറിച്ച് തങ്ങൾ ആഗ്രഹിച്ചാൽ ദൈവത്തെപ്പോലെയായിത്തീരാമല്ലോ എന്ന ചിന്തയാണ് അവരെ പ്രലോഭിപ്പിച്ചത്.

സാത്താൻ തന്നെയും ഒരു സമയത്ത് അപ്രകാരം ആകുവാനാണല്ലോ ആഗ്രഹിച്ചത്. ആദാമിനും ഹവ്വയ്ക്കും അപ്രകാരം തന്നെ ആകാൻ സാധ്യമാണെന്നാണ് സാത്താൻ അവരോടു പറഞ്ഞതും. തീർച്ചയായും സാത്താൻ പറഞ്ഞത് ഒരു വ്യാജമായിരുന്നു, ഇന്ന് ആളുകളെ വഞ്ചിക്കുവാൻ പ്രായോഗിക്കുന്ന വ്യാജങ്ങൾ പോലെ തന്നെയായിരുന്നു അത്. അത്തരം വ്യാജങ്ങളാൽ വഞ്ചിതരായി ഇന്നും മനുഷ്യർ വീണുകൊണ്ടിരിക്കുന്നു. അങ്ങനെ അന്ന് ആദാമും ഹവ്വയും വീഴുവാനിടയായി. അവർ ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും മുമ്പ് സാത്താനുണ്ടായ അതേ അധ:പതനത്തിന് ഇരയായിത്തീരുകയും ചെയ്തു അങ്ങനെ ദൈവസന്നിധിയിൽനിന്ന് അവർ നിഷ്കാസിതരായിത്തീർന്നു.

ഈ സംഭവത്തിന്റെ വിശദാംശങ്ങളെല്ലാം ബൈബിളിലെ പ്രഥമഗ്രന്ഥമായ ഉൽപത്തിയിലെ മൂന്നാമധ്യായത്തിൽ നമുക്ക് വായിക്കുവാൻ കഴിയും.

ദൈവകല്പന അനുസരിക്കാതിരുന്നതിലൂടെ തങ്ങൾക്ക് ദൈവത്തെപ്പോലെതന്നെ സർവശക്തരും സ്വതന്ത്രരുമായിത്തീരാമെന്ന് ആദാമും ഹവ്വയും കരുതി. എന്നാൽ അവർ സ്വതന്ത്രരായിത്തീരുകയല്ല ഉണ്ടായത്. മറിച്ച് അവർ സാത്താന്റെ അടിമകളായിട്ടാണ് തീർന്നത്. ദൈവകല്പനകൾ അനുസരിക്കുന്നതിലൂടെ മാത്രമാണ് നാം യഥാർത്ഥത്തിൽ സ്വാതന്ത്ര്യം പ്രാപിക്കുന്നത്.

ഇക്കാര്യത്തിലാണ് സാത്താൻ അസംഖ്യം ആളുകളെ വഞ്ചിക്കുന്നത്. തങ്ങൾക്ക് വാസ്തവമായും ജീവിതം ആസ്വദിക്കണമെങ്കിൽ തങ്ങൾ ദൈവകൽപനകളെ അവഗണിക്കണമെന്ന് അവൻ അവരോടു പറയുന്നു.

മനുഷ്യവർഗ്ഗത്തിൽ പാപം ഉദ്ഭവിച്ചതെങ്ങനെയെന്ന് ഇവിടെ നാം കണ്ടു.

ആദാമും ഹവ്വയും ആ ദിവസം ഏദെൻതോട്ടത്തിൽവച്ച് വളരെ പ്രധാനമായ ഒരു തീരുമാനമാണ് ചെയ്തത് .ആ തീരുമാനം അവർക്കും അവരുടെ സന്തതികൾക്കും ദൂരവ്യാപകമായ ദൂഷ്ഫലങ്ങൾ ഉളവാക്കി.

ജീവിതത്തിൽ നാം കൈക്കൊള്ളുന്ന എല്ലാ തീരുമാനങ്ങളും അവരുടേതായ ഫലങ്ങൾ ക്ഷണിച്ചുവരുത്തുന്നു. നാമെല്ലാം എന്തു വിതയ്ക്കുന്നുവോ അതു കൊയ്തേ മതിയാവൂ പലപ്പോഴും നാം വിതയ്ക്കുന്നതിന്റെ തിക്തഫലങ്ങൾ നമ്മുടെ സന്തതികൾ കൊയ്യേണ്ടിവരും. ആദാമിന്റെ കാര്യത്തിൽ അയാളും അയാളുടെ ഭാര്യയും ജീവിതത്തിലെ അവശിഷ്ടകാലം മുഴുവൻ ദൈവസന്നിധിയിൽനിന്നു നിഷ്കാസിതരായി.

അതിനാൽ നാം എടുക്കുന്ന ചെറിയ തീരുമാനങ്ങൾ അപ്രധാനമാണെന്നോ ഇന്നുനാം വിതയ്ക്കുന്നതിന്റെ ഫലം ഭാവിയിൽ ഒരിക്കലും കൊയ്യേണ്ടിവരില്ലെന്നോ നാം ചിന്തിച്ചുപോകരുത്. വിവിധ വ്യക്തികളുലൂടെയും വിവിധസാഹചര്യങ്ങളിലൂടെയും പരീക്ഷിക്കപ്പെടുവാനും അതിലൂടെ നമ്മുടെ മനോഗതങ്ങൾ വ്യക്തമാകുവാനും ദൈവം അവസരമൊരുക്കുന്നു. അങ്ങനെ ഭൂമിയിൽ മറ്റെന്തിനെക്കാളുമധികം നാം സത്യമായും ദൈവത്തെയാണ് അഭിലഷിക്കുന്നതെന്ന കാര്യം പരിശോധിച്ചറിയുവാൻവേണ്ടിയാണ് ദൈവം അപ്രകാരം ചെയ്യുന്നത് .സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളെക്കാളുമധികമായി സ്രഷ്ടാവിനെയാണ് നാം വിലമതിക്കുന്നത് എന്ന വസ്തുത തെളിയിക്കുക- ഇതാണ് നാം അഭിമുഖീകരിക്കുന്ന എല്ലാ പരീക്ഷകളുടെയും ലക്ഷ്യം.

സൃഷ്ടിക്കപ്പെട്ട വസ്തുക്കളെയോ നമ്മെത്തന്നെയോ ദൈവത്തെക്കാൾ അധികം വിലമതിക്കയും തെരഞ്ഞെടുക്കുകയും ചെയ്യുക. എന്നതാണ് എല്ലാ പാപത്തിന്റെയും അന്തസ്സത്ത. ദൈവത്തിന്റെ വഴിക്കുപകരം നമ്മുടെ സ്വന്തവഴി തെരെഞ്ഞെടുക്കുക , ദൈവത്തെ പ്രാസാദിപ്പിക്കുന്നതിനു പകരം നമ്മെത്തന്നെ പ്രസാദിപ്പിക്കുക- ഇതാണ് പാപത്തിന്റെ തനിസ്വരൂപം.

പാപമെന്നത് വ്യഭിചാരമോ കൊലപാതകമോ മോഷണമോ നടത്തുക മാത്രമല്ല, നമ്മുടെ സ്വന്തവഴി ആഗ്രഹിക്കുകയാണ്. ഒരു ചെറിയ ശിശുവിന്റെ തന്നിഷ്ടത്തിലും ശാഠ്യത്തിലും നാം പാപത്തിന്റെ ആദ്യമുകുളങ്ങൾ കാണുന്നു. ജനനം മുതൽതന്നെ ഓരോ ശിശുവിന്റെയും പ്രകൃതത്തിൽ പാപം കുടികൊള്ളുന്നുണ്ട്. അവൻ വളർന്നുവരുന്നതോടെ തന്റെ സ്വന്തവഴി തെരഞ്ഞെടുക്കുവാൻ അവൻ ഉറയ്ക്കുകയും തനിക്കാഗ്രഹമുള്ളതു ലഭിക്കുവാനായി മറ്റു കുട്ടികളോട് പോരാടുകയും അവരിൽനിന്നു വസ്തുക്കൾ പിടിച്ചെടിക്കുകയും ചെയ്യുന്നു.

നാം വളർന്നു പുരുഷത്വം പ്രാപിക്കുമ്പോൾ ബാല്യത്തിലെ നമ്മുടെ അവസ്ഥയിൽനിന്നും വലിയ മാറ്റമോന്നും നമ്മിൽ സംഭവിക്കുന്നില്ല. കൂടിതൽ സാമർത്ഥ്യം സമ്പാദിച്ച് കാര്യസിദ്ധിക്കുള്ള മാർഗ്ഗങ്ങളിൽ വ്യത്യാസം വരുത്തുകയേ നാം ചെയ്യുന്നുള്ളൂ. സംസ്കാരസമ്പന്നരായ ആളുകൾപോലും അതേ വിധത്തിൽ തന്നെ തുടരുകയാണ് ചെയ്യുന്നത്. അവർ തങ്ങളുടെ സ്വാർത്ഥത, അത്യാഗ്രഹം, ദുർമ്മോഹം എന്നിവയെ മാന്യതയുടെയോ ആത്മീയതയുടെ തന്നെയോ ഒരു പുറമൂടിയണിയിച്ച് മറയ്ക്കുക മാത്രമേ ചെയ്യുന്നുള്ളൂ!

പാപം നമ്മുടെ സ്വഭാവത്തിന്റെ എല്ലാ തലങ്ങളിലേക്കും കടന്നകയറിയിട്ടുണ്ട്. ഉപവാസവും പ്രാർത്ഥനയും പോലെയോ തീർത്ഥാടനവും ആത്മനിയന്ത്രണവും പോലെയോ ഉള്ള മതാനുഷ്ഠാനങ്ങൾകൊണ്ട് നമ്മുടെ പാപത്തിൽനിന്നു രക്ഷപെടുവാൻ നമുക്കു സാധ്യമല്ല. ദൈവത്തിനുമാത്രമേ നമ്മുടെ പാപത്തിൽനിന്നു നമ്മെ

വിടുവിക്കുവാൻ കഴിവുള്ളൂ.

എന്നാൽ പാപം എത്രമാത്രം ദോഷകരമെന്ന് നാം അംഗീകരിക്കുന്നതുവരെയും ദൈവത്തിനു കാത്തിരിക്കേണ്ടിവരുന്നു. നീതിമാന്മാരെയല്ല പാപികളെയത്രേ താൻ വിളിക്കുവാൻ വന്നതെന്ന് ഒരിക്കൽ യേശു പറഞ്ഞു. ഭൂമിയിൽ ചില മനുഷ്യർ നീതിമാന്മാരും മറ്റുള്ളവർ പാപികളുമാണെന്നല്ല ഇതിന്റെ അർത്ഥം. തങ്ങളെത്തന്നെ വിശുദ്ധരെന്നു കരുതി സ്വയം ന്യായീകരിച്ച മതഭക്തന്മാരെ പരിഹസിച്ചുകൊണ്ടാണ് അവിടുന്ന് അപ്രകാരം പറഞ്ഞത് തങ്ങളെത്തന്നെ നീതിമാന്മാരെന്ന് കരുതുന്നവരെ രക്ഷിക്കുവാൻ തനിക്കു സാധ്യമല്ലെന്നായിരുന്നു കർത്താവിന്റെ വിവക്ഷ.

തങ്ങൾ രോഗികളാണെന്ന് മനസ്സിലാക്കുന്നവർ മാത്രമേ ഒരു ഡോക്ടറുടെ അടുക്കൽ പോവുകയുള്ളൂ. അതുപോലെതന്നെ നമ്മുടെ ഒന്നാമത്തെ ആവശ്യം നാം പാപികളാണെന്നു മനസ്സിലാക്കുകയാണ്.

നമ്മുടെ മതമേതായാലും നാമെല്ലാം പാപികളാണ്. ദൈവത്തിന്റെ വിശുദ്ധകല്പനകൾക്കെതിരായി നാമെല്ലാം വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും മനോഭാവത്തിലും ഉദ്ദേശ്യത്തിലും പാപം ചെയ്തിരിക്കുന്നു.

ദൈവത്തിന്റെ വിശുദ്ധനിലവാരത്തെ അപേക്ഷിച്ച് കുറവുള്ളവരായി നാം തീർന്നിരിക്കുന്നു.

രോഗം നമ്മുടെ ശരീരത്തിനു വരുത്തുന്നതിലധികം കേട് പാപം നമ്മുടെ ആത്മാവിനു വരുത്തിയിരിക്കുന്നു.

എന്നാൽ നാമിതു മനസ്സിലാക്കിയിട്ടുണ്ടോ?

ഇന്ന് ലോകത്തിലെല്ലാം വ്യാപിച്ചുകൊണ്ടിരിക്കുന്നതും ലൈംഗികവേഴ്ചയിലൂടെ പകരുന്നതുമായ എയിഡ്സിനോട് നിങ്ങൾക്കുള്ള പ്രതികരണം എന്താണ്?

എയിഡ്സ് ബാധിച്ച ഒരുവന്റെ സമീപത്തേക്കുതന്നെ പോകാൻ ആളുകൾ ഭയപ്പെടുന്നു. അത്രമാത്രം പകരുന്ന ഒരു രോഗമാണത്. പാപമാകട്ടെ, സത്യത്തിൽ അതിനെക്കാൾ ഭയാനകമാണ്. പാപം നാശം വരുത്തുന്നത് നമ്മുടെ ആത്മാവിനാണെന്നുള്ള ഒരു വ്യത്യാസമേ ഇവതമ്മിലുള്ളൂ. അതിനാൽ പുറമേ കാണാവുന്ന ഒന്നല്ല പാപം. എങ്കിലും അതിന്റെ ഫലങ്ങൾ എയിഡ്സിന്റേതിനേക്കാൾ അത്യധികം ദോഷകരമാണ്. അത് നമ്മുടെ ജീവിതത്തെ നശിപ്പിക്കുകയും ലോകത്തിൽ നമ്മെ അസന്തുഷ്ടരാക്കുകയും അന്തിമമായി നമുക്ക് അതിൽനിന്ന് വിടുതൽ ലഭിക്കാത്തപക്ഷം നിത്യതയിൽ നമ്മെ നാശപാത്രരാക്കിത്തീർക്കുകയും ചെയ്യുന്നു.

## അധ്യായം മൂന്ന്

# മനസ്സാക്ഷിയെ സംബന്ധിച്ച യഥാർത്ഥസത്യം

നാം ധാർമ്മികജീവികളാണെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു മനസ്സാക്ഷിയോടികൂടിയാണ് നമെല്ലാം സൃഷ്ടിപ്പെട്ടിട്ടുള്ളത്.നമ്മുടെ ഉള്ളിലുള്ള ദൈവശബ്ദമാണ് മനസ്സാക്ഷി. നമ്മുടെ പ്രവൃത്തികൾക്ക് നാം ഉത്തരവാദികളാണെന്നു അത് നമ്മെ അറിയിക്കുന്നു. നാം ഏതു വിധത്തിൽ ജീവിച്ചു എന്നതിനെപ്പറ്റി ഒരിക്കൽ നാം ദൈവത്തോടു ഉത്തരം പറയേണ്ടിവരും.

നാം മനസ്സാക്ഷിയില്ലാത്ത മനുഷ്യേതര ജന്തുക്കളേപ്പോലെയല്ല. മനുഷ്യേതരജന്തുക്കൾ ധാർമ്മിക ജീവികളല്ല. അതിനാൽ ഒരുകാര്യം സംബന്ധിച്ചും അവയ്ക്കു ദൈവത്തോടു ഉത്തരം പറയേണ്ടതില്ല. ഒരു മനുഷ്യേതര ജന്തു മരിക്കുമ്പോൾ അത് അതിന്റെ അവസാനം തന്നെ .മനുഷ്യന്റെ കഥ അപ്രകാരം അല്ല. മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനും ഒരു ശാശ്വതജീവിയുമാണ്.

നമ്മുടെ കാര്യത്തിൽ ഒരു ന്യായവിധിദിവസത്തെ അഭിമുഖീകരിക്കേണ്ടതുണ്ട്. ജീവിതകാലത്ത് നാം ചെയ്യുകയും പറയുകയും ചിന്തിക്കയും ചെയ്ത എല്ലാ കാര്യങ്ങളും അന്ന് നമ്മുടെ മുമ്പിൽ അവതരിക്കപ്പെടുകയും ദൈവം അവയെ വിലയിരുത്തുകയും ചെയ്യും. ബൈബിളിൽ നൽകപ്പെട്ടിരിക്കുന്ന തന്റെ വിശുദ്ധപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ അന്ന് ദൈവം നമ്മെ ന്യായം വിധിക്കും.നമ്മുടെ ഓരോ പ്രവൃത്തിയേയും വാക്കിനേയും ചിന്തയേയും കുറിച്ച് നാം കണക്കുബോധിപ്പിക്കേണ്ടിവരും.

ബൈബിൾ ഇപ്രകാരം പറയുന്നു: " മനുഷ്യൻ ഒരിക്കൽ മരിക്കയും പിന്നീട് അവർക്കു ന്യായവിധിയുണ്ടാവുകയും ചെയ്യുമെന്നത് ദൈവനിർണ്ണയമാണ് " (എബ്രായർ അധ്യായം 9 വാക്യം 27).

ഇവിടെ ഭൂമിയിൽ പല മനുഷ്യരും തങ്ങളുടെ കുറ്റങ്ങൾക്ക് ശിക്ഷ ലഭിക്കാതെ ഒഴിഞ്ഞു പോകുന്നു. എന്നാൽ അന്തിമമായി ദൈവത്തിന്റെ ന്യായവിധിയുടെ സിംഹാസനത്തിന് മുമ്പിൽ നിൽക്കുമ്പോൾ അവർക്ക് ന്യായമായ ശിക്ഷലഭിക്കും. അതുപോലെ പല മനുഷ്യരും തങ്ങൾ മറ്റുള്ളവർക്കു ചെയ്തിട്ടുള്ള നന്മയുടെ പേരിൽ അഭിനന്ദിക്കപ്പെടുകയോ അതിനു ഇവിടെ ഭൂമിയിൽ പ്രതിഫലം ലഭിക്കുകയോ ചെയ്യുന്നില്ല. ക്രിസ്തു ഭൂമിയിലേക്ക് തിരികേ വരുമ്പോൾ അവർക്ക് പ്രതിഫലം ലഭിക്കും.

നാം ചെയ്യുന്ന എല്ലാകാര്യത്തിനും ഒരിക്കൽ നാം ദൈവത്തോട് ഉത്തരം ബോധിപ്പിക്കേണ്ടതാകയാൽ നാം

എപ്പോഴും നമ്മുടെ മനസ്സാക്ഷിയുടെ ശബ്ദത്തിന് ചെവികൊടുക്കേണ്ടത് സുപ്രദാനമായ കാര്യമാണ്.

മനസ്സാക്ഷിയെന്നത് ദൈവം മനുഷർക്കു നൽകിയിട്ടുള്ള ദാനങ്ങളിൽ ഏറ്റവും വലുതായ ഒന്നത്രേ. നമ്മുടെ ശരീരത്തിന് നൽകപ്പെട്ടിട്ടുള്ള വേദനയെന്ന ദാനം പോലെയാണിത്. വേദനയെ ഒരു ശല്യമായി മാത്രമാണ് നമ്മിൽ മിക്കവരും കരുതുന്നത് .എന്നാൽ വേദന നമ്മുടെ ജീവിതങ്ങൾക്ക് എത്ര മഹത്തായ ഒരു അനുഗ്രഹമാണെന്ന് നാം മനസ്സിലാക്കുന്നില്ല. കാരണം, വേദനയിലൂടെയാണ് എവിടെയോ എന്തോ തകരാറുണ്ടെന്ന് ശരീരം നമുക്ക് താക്കീത് നൽകുന്നത്. രോഗത്തെപ്പറ്റി നമുക്ക് മുന്നറിയിപ്പു നൽകുന്ന ആദ്യത്തെ അടയാളമാണത്. വേദനയില്ലാതിരിന്നെങ്കിൽ നമുക്ക് ഒരു രോഗം ബാധിക്കുമ്പോൾ അക്കാര്യം അറിയുക പോലും ചെയ്യാതെ നാം മരണമടയുമായിരുന്നു. അകാലമരണത്തിൽനിന്നു നമ്മെ രക്ഷിക്കുന്നത് വേദനയാണ്.

കുഷ്ഠരോഗികൾക്ക് വേദന അനുഭവപ്പെടുന്നില്ല. എന്തെന്നാൽ കുഷ്ഠരോഗം നാഡികളെ നിർജ്ജീവമാക്കുകയും വേദനാബോധം നഷ്ടമാക്കുകയും ചെയ്യുന്നു. ഒരു കുഷ്ഠരോഗിയുടെ കാലിൽ ഒരു ആണി തറച്ചു കയറിയാൽ അയാൾ അത് അറിയുന്നില്ല. തന്മൂലം അയാളുടെ കാലിൽ വ്യണം ബാധിച്ച് അത് മുറിച്ച് കളയേണ്ടതായി വരും. വേദനയെന്ന അനുഗ്രഹം അയാൾക്ക് നഷ്ടമായതാണ് ഇതിനെല്ലാം കാരണം.

മനസ്സാക്ഷിയെന്നത് വേദനപ്പോലെയാണ്. ദൈവീകനിയമങ്ങളെ നാം ലംഘിക്കുമ്പോൾ ,പാപം ചെയ്യുവാൻ നാം ആഗ്രഹിക്കുമ്പോൾ, അഥവാ നാം പാപം ചെയ്ത് കഴിയുമ്പോൾ അത് നമുക്ക് താക്കീത് നൽകുന്നു. ആ താക്കീത് നാം അവഗണിക്കുകയോ അതിനെ വകവയ്ക്കാതെ നാം പ്രവൃത്തിക്കുകയോ ചെയ്യുമ്പോൾ നമ്മുടെ ഉള്ളിലുള്ള പാപബോധത്തെ ക്രമാഗതമായിനാം കൊന്നു കളയുകയാണ് ചെയ്യുന്നത് . അനന്തരം പാപത്തെക്കുറിച്ച് ഒരു ബോധവും ഇല്ലാത്ത ഒരവസ്ഥ നമ്മുടെ ജീവിതത്തിൽ വന്നുകൂടുന്നു. അപ്പോൾ നാം മനസ്സാക്ഷി മരിച്ച ആത്മീയ കുഷഠരോഗികളായി തീരുന്നു . ആ ഘട്ടത്തിൽ മനസ്സാക്ഷിയില്ലാത്ത മൃഗങ്ങൾക്കു തുല്യമാണ് നമ്മുടെ അവസ്ഥ . ഈ കാരണത്താലാണ് ചിലയാളുകൾ മൃഗത്തേക്കാൾ അധ:പതിച്ചവരായി കാണപ്പെടുന്നത് അപ്രകാരമുള്ള ഒരു ജീവിതത്തിന്റെ അന്തിമഫലം ദൈവത്തിൽനിന്നുള്ള നിത്യശിക്ഷയ്ക്ക് പാത്രമായി ആളുകൾ തീരുകയെന്നതു തന്നെ.

നാം പാപികളാണെന്ന കാര്യം നമുക്കറിയാം. നമ്മുടെ മനസ്സാക്ഷി നമ്മെ അറിയിക്കുന്നു. ആ കുറ്റബോധത്തെ നാം ഒരിക്കലും നിസാരമെന്ന് കരുതി തള്ളിക്കളയരുത്. കാരണം വേദനയെന്ന പോലെയുള്ള ഒന്നാണ് കുറ്റബോധം. നാം ആത്മീയമായി രോഗികളാണെന്നും നമുക്ക് രോഗശാന്തി ആവശ്യമാണെന്ന് അത് നമ്മെ അറിയിക്കുന്നു. മനസ്സാക്ഷി ദൈവം മനുഷ്യനു നൽകിയിട്ടുള്ള ഏറ്റവും വലിയ ദാനം തന്നെ.

യേശു മനസ്സാക്ഷിയെ കണ്ണിനോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട് (ലൂക്കോസ് അധ്യായം 11 വാക്യം 34 മുതൽ 36 വരെ). നമ്മുടെ ശരീരത്തിലെ നിർമ്മലതയുള്ള അവയവങ്ങളാണ് കണ്ണുകൾ. എന്തെന്നാൽ നമ്മുടെ കണ്ണുനീർകൊണ്ട് അനേകം അനേകം പ്രാവശ്യം അവ കഴുകപ്പെടുന്നു.

നമ്മുടെ കണ്ണുകൾ ഇമവെട്ടുന്ന ഓരോപ്രാവശ്യവും (നാമറിയാതതന്നെ ഓരോ ദിവസവും ആയിരമായിരം തവണ ഇതു സംഭവിക്കുന്നു.)നമ്മുടെ കണ്ണുകൾ കഴുകപ്പെടുകയും പൊടിയിൽ നിന്നും ശുദ്ധീകരണം പ്രാപിക്കയും ചെയ്യുന്നു. പൊടിയുടെ ഒരു ചെറിയ അംശം മതി നമ്മുടെ കണ്ണിനെ അസ്വസ്ഥമാക്കുവാൻ. അപ്രാകാരം സംഭവിച്ചാൽ , പിന്നീട് കണ്ണിനെ കഴുകി ശുദ്ധിമാക്കുന്നതുവരെ നാം എല്ലാ ജോലിയും നിർത്തിവയ്ക്കുന്നു.

ഇപ്രകാരമാണ് നാം എല്ലായ്പ്പോഴും നമ്മുടെ മനസ്സാക്ഷിയേയും വിശുദ്ധമായി സൂക്ഷിക്കേണ്ടത്.

നമ്മുടെ പാപങ്ങളെ കഴുകി നമ്മെ ശുദ്ധരാക്കുവാൻ ദൈവത്തിന് മാത്രമേ കഴിയൂ. ആ ഏകമാർഗ്ഗത്തിലൂടെയാണ് നമ്മുടെ മനസ്സാക്ഷിയെ കുറ്റബോധം നീക്കി നിർമ്മലമാക്കിതീർക്കേണ്ടത്.

എന്നാൽ പാപക്ഷമയെന്നത് വിലകുറഞ്ഞ ഒരു കാര്യമല്ല.

# അധ്യായം നാല്
# പാപക്ഷമയെ സംബന്ധിച്ച യഥാർത്ഥസത്യം

ദൈവത്തിന് എങ്ങനെ നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും?

ദൈവം നീതിമാനും ന്യായതൽപരനുമാണ്.

ഒരു മനുഷ്യന്റെ പാപങ്ങൾ സാരമില്ലെന്നു കരുതി അവയെ ക്ഷമിക്കുവാൻ അവിടുത്തേക്കു സാധ്യമല്ല. അപ്രകാരം ചെയ്താൽ അതു നീതിവിരുദ്ധമായിരിക്കും.

ദൈവം വിശുദ്ധനും നീതിമാനുമാകയാൽ അവിടുന്ന് പാപങ്ങളെ ശിക്ഷിച്ചേ മതിയാവൂ.

എന്നാൽ ദൈവം സ്നേഹശാലിയാകയാൽ നമ്മുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാനുള്ള ഒരു മാർഗ്ഗം അവിടുന്ന് ആവിഷ്കരിച്ചു.

നന്മയും ദയയും സത്യവുമുള്ളവരായിരിപ്പാൻ എല്ലാ മതങ്ങളും നമ്മെ ഉപദേശിക്കുന്നു. എന്നാൽ നമ്മുടെ

പാപങ്ങൾക്കു ക്ഷമ ലഭിച്ചതിനുശേഷം നാമെങ്ങനെ ജീവിക്കണം എന്നതിനോടു ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവയെല്ലാം തന്നെ.

നന്മ, ദയ, സത്യസന്ധത എന്നിവയെല്ലാം ഒരു കെട്ടിടത്തിന്റെ ഉപരിസൗധംപോലെയാണ്. ആ കെട്ടിടത്തിന്റെ അടിസ്ഥാനമാണ് പാപക്ഷമ.

ഒരു കെട്ടിടത്തിന്റെ ഏറ്റവും പ്രധാനമായ ഭാഗം അതിന്റെ അടിസ്ഥാനം തന്നെയാണ്. ദൈവത്തിന് നമ്മുടെ പാപങ്ങളെ ക്ഷമിക്കേണ്ടതിലേക്ക് ലോകത്തെ സൃഷ്ടിച്ചതിനെക്കാൾ അധികം ദുഷ്കരവും ഏറ്റവും വേദനാ ജനകവുമായ ഒരു കാര്യം ചെയ്യേണ്ടിവന്നു.

ലോകത്തെ സൃഷ്ടിക്കുവാൻ ദൈവത്തിന് ഒരു വാക്കു കല്പിക്കേണ്ട ആവശ്യമേ ഉണ്ടായുള്ളൂ. അതു മൂലം ഉടൻതന്നെ ലോകം സൃഷ്ടിക്കപ്പെട്ടു.

എന്നാൽ ഒരു വാക്ക് കല്പിക്കുന്നതിലൂടെമാത്രം നമ്മുടെ പാപങ്ങൾക്കു ക്ഷമ നൽകുവാൻ അവിടുത്തേക്കു കഴിഞ്ഞില്ല.

ഒരു മനുഷ്യന്റെ പാപം ക്ഷമിപ്പിക്കപ്പെടണമെങ്കിൽ അതിന് ഒരൊറ്റ മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ.

ദൈവം നമ്മെപ്പോലെ ഒരു മനുഷ്യനായിത്തീരുക എന്നതായിരുന്നു ആ മാർഗ്ഗം.

മനുഷ്യജീവിതളെന്നനിലയിൽ നാം അഭമുഖീകരിക്കുന്ന പരീക്ഷകളിലും കഷ്ടപ്പാടുകളിലുംകൂടെ താനും കടന്നുപോകേണ്ടത് ദൈവത്തിന് ആവശ്യമായിത്തീർന്നു. നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ തന്റെമേൽ ഏറ്റു കൊണ്ട് നമുക്ക് പകരം ഒരു യാഗമായി അവിടുന്നു മരിക്കേണ്ടത് ആവശ്യമായിരുന്നു.

പാപത്തിനുള്ള ശിക്ഷ കഷ്ടപ്പാടോ രോഗമോ ദാരിദ്ര്യമോ സാമൂഹ്യമായിതാണപടിയിൽ ഈ ലോകത്തിൽ ജനിക്കുന്നതോ ഒന്നുമായിരുന്നില്ല. നിത്യമരണം അതായത്. എന്നെന്നേക്കുമായി ദൈവത്തിൽനിന്ന് അകറ്റ പ്പെടുകയായിരുന്നു ആ ശിക്ഷ.

ശാരീരികമരണമെന്നത് നമ്മുടെ ഭൗതീകശരീരത്തിൽനിന്നുള്ള വേർപെടലാണ്. അതുപോലെതന്നെ എല്ലാ ജീവന്റെയും ഉദ്ഭവസ്ഥാനമായ ദൈവത്തിൽനിന്ന് വേർപെടുന്നതാണ് ആത്മീയമരണം.

കഴിഞ്ഞകാലത്ത് നിങ്ങൾ ചെയ്തിട്ടുള്ള തിന്മകൾക്ക് ഭാവിയിൽ നിങ്ങൾ ചെയ്തേക്കാവുന്ന സൽപ്രവൃത്തി കൾ ഒരിക്കലും പരിഹാരമാകുകയില്ല. ദൈവീകപ്രമാണങ്ങളോട് നമുക്കുണ്ടാകുന്ന ഒരു ഋണബാധ്യതയാണ് പാപം. രാജ്യത്തിലെ നിയമങ്ങളോട് നാം അനുസരണക്കേടു കാട്ടുന്നുവെന്നിരിക്കട്ടെ. ഉദാഹരണമായി നാം കൊടുത്തുതീർക്കേണ്ട നികുതി കൊടുക്കാതിരിക്കുന്നുവെന്നു ചിന്തിക്കുക. ഭാവിയിൽ നാം നമ്മുടെ നികുതി കൊടുത്തുതീർക്കുമെന്നു വാഗ്ദാനം ചെയ്യുന്നതിലൂടെമാത്രം നാം ആ കടപ്പാടിൽനിന്ന് മോചിതരാകുന്നില്ല. ഭാവിയിൽ നാം നികുതികൾ അടച്ചുതീർത്താൽത്തന്നെയും കഴിഞ്ഞകാലത്തു നാം കൊടുക്കാതിരുന്ന കടം പിന്നെയും കൊടുത്തുതീർത്തേ മതിയാവൂ. പാപത്തിന്റെ കാര്യവും ഇതുപോലെതന്നെയാണ്.

ഭാവിയിൽ എത്ര നല്ല സൽപ്രവൃത്തികൾ നാം ചെയ്തെന്നുവന്നാലും ഭൂതകാലത്ത് നാം ചെയ്തുപോയ പാപങ്ങൾക്ക് നാം പരിഹാരം ചെയ്തേ മതിയാവൂ.

മാത്രമല്ല, നമ്മുടെ നീതിപ്രവൃത്തികൾ ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ട കീറത്തുണികൾ പോലെയണെന്ന് ബൈബിൾ പറയുന്നു(യെശയ്യാവ് അധ്യായം 64 വാക്യം 6).

സൽപ്രവൃത്തികളെ ദൈവം അഭിനന്ദിക്കുന്നുണ്ട്. എങ്കിലും നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ പോലും അവിടുത്തെ വിശുദ്ധിയുടെ നിലവാരത്തിലെത്തുന്നില്ല. എന്തെന്നാൽ ദൈവം അപ്രമേയമായവിധം വിശുദ്ധ നാണ്, അങ്ങനെ നമ്മുടെ നന്മപ്രവൃത്തികൾപോലും വേണ്ടത്ര നന്മയില്ലാത്തവയാകയാൽ നാം ആശയറ്റ ഒര വസ്ഥയിലാണിരിക്കുന്നത്. ദൈവസന്നിധിയിലേക്ക് നമുക്ക് എപ്പോഴേങ്കിലും പ്രവേശനം ലഭിക്കുവാൻ ഒരു മാർഗ്ഗവും ശേഷിക്കുന്നില്ല.

ആശയ്ക്കു വകയില്ലാത്തവിധം ഗതിയററവരാണ് നാം.

എന്നാൽ ദൈവം തന്റെ മഹാസ്നേഹത്തിൽ നമ്മുടെ പാപങ്ങൾക്കു ക്ഷമ ലഭിക്കുവാനുള്ള ഒരു മാർഗ്ഗം ഒരുക്കിയിരിക്കുന്നു.

നമ്മുടെ മാനുഷബുദ്ധിക്കുതന്നെ പൂർണ്ണമായി ഗ്രഹിപ്പാൻ കഴിയാത്തവിധം അത്ര അപ്രമേയനാണ് ദൈവം. ദൈവം ഏകനെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു. എങ്കിലും ആ ഏകത്വത്തിൽ പിതാവ്, പുത്രൻ പരിശുദ്ധാ ത്മാവ് എന്നിങ്ങനെ അന്യോന്യസമത്വമുള്ള മൂന്നു വ്യക്തിത്വങ്ങൾ അടങ്ങിയിരിക്കുന്നു. (പുത്രത്വം പിതാവി ലൂടെ ജനിച്ചതിനെയല്ല, പിതൃസ്വഭാവത്തിൽനിന്നുള്ള അഭിന്നതയെയാണ് കാണിക്കുന്നത് ).

മൂന്നു വ്യത്യസ്തങ്ങളായ വ്യക്തികൾ പിന്നെയും ഏകദൈവമായിത്തീരുന്നതെങ്ങനെയെന്നു ഗ്രഹിക്കു വാൻ നമ്മുടെ മാനുഷചിന്തയ്ക്ക് അസാധ്യം തന്നെയാണ്. വ്യക്തികൾ എന്നു പറയുമ്പോൾ വ്യത്യസ്തശരീ രത്തോടുകൂടിയ ആളുകൾ എന്നാണ് നാം ചിന്തിക്കുന്നത്. ദൈവത്തിന്റെ അപ്രമേയസ്വഭാവം ഗ്രഹിക്കുവാൻ ആ മനസ്സുകൾക്കു സാധ്യമല്ല.

മനുഷ്യവ്യക്തികൾ ഗ്രഹിക്കുന്ന കാര്യങ്ങൾ ഗ്രഹിക്കുവാൻ ഒരു നായ്ക്കു കഴിവില്ലാത്തതുപോലെ മനു ഷ്യരായ നമുക്ക് ഗ്രഹിപ്പാൻ കഴിവില്ലാത്തവയാണ് ദൈവത്തിന്റെ സവിശേഷതകൾ .

ദൈവം ബൈബിളിലൂടെ വെളിപ്പെടുത്തുവാൻ മനസ്സവച്ച കാര്യങ്ങൾ മാത്രമേ നമുക്ക് അറിവാൻ കഴിയൂ. അതിലപ്പുറം സാധ്യമല്ല.

ഉദാഹരണമായി സാമർത്ഥ്യമുള്ള ഒരു പട്ടിക്കു സങ്കലനക്രിയ (കൂട്ടൽ)ഗ്രഹിപ്പിച്ചുകൊടുക്കുവാൻ നിങ്ങൾക്കു

സാധിച്ചേക്കാം. എങ്ങനെയെന്നാൽ മൂന്ന് എല്ലുകളെ ഒന്നൊന്നായി അതിന്റെ മുമ്പിൽ വച്ചിട്ട് അവയെ ഓരോന്നായി എണ്ണിക്കാണിച്ചിട്ട് 1+1+1=3 എന്ന കാര്യം അതിനെ ഗ്രഹിക്കാം.

എന്നാൽ ഗുണനക്രിയ അതിനെ ഗ്രഹിപ്പിക്കുവാൻ ശ്രമിച്ചുനോക്കുക. അതായത് 1 x 1x1x =1 എന്ന കാര്യം തന്നെയാകട്ടെ.

ഏറ്റവും സാമർത്ഥമുള്ള നായ്ക്കുപോലും അതു ഗ്രഹിക്കുവാൻ കഴിവില്ലെന്നു നിങ്ങൾക്കു ബോധ്യമാകും.

എന്നാൽ മനുഷ്രായ നമുക്കാകട്ടെ, മൂന്ന് ഒന്നുകളെ ഒന്നോടൊന്നു ഗുണിച്ചാൽ ഫലം പിന്നെയും ഒന്നുതന്നെയാണെന്ന കാര്യം സുഗ്രാഹമാണ്.

ഈ നായ്ക്കളെക്കാൾ നാം എത്രമാത്രം ഉയർന്നവരാണോ അതിനെക്കാൾ എത്രയോ അധികം ഉന്നതനാണ് ദൈവം.

ഒരു നായ്ക്ക് ഗുണനക്രീയ മനസ്സിലാക്കണമെങ്കിൽ അതു മനുഷനായി മാറിയേ മതിയാവൂ.

ദൈവത്തെ നാം മനസ്സിലാക്കണമെങ്കിൽ നാം സ്വയം ദൈവമായേ തീരൂ.

അതിനാൽ ദൈവം മൂന്നു വ്യക്തിത്വങ്ങളിലെങ്കിലും ഒരേയൊരു ദൈവമാണെന്ന് കാര്യ നമുക്കു മനസ്സിലാക്കാൻ കഴിവില്ലെങ്കിൽ അതിൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല. ദൈവം തന്റെ വചനത്തിൽ അപ്രകാരം പ്രസ്താവിച്ചിരിക്കയാൽ അതു സത്യമാണെന്ന് നമുക്കറിയാം. മാനുഷ്യകമായ യുക്തിബോധം ഉപയോഗിച്ച് ചില ആളുകൾ ഇപ്രകാരം പറയാറുണ്ട്: ' ദൈവം സർവവ്യാപിയായതുകൊണ്ട് അവിടുന്ന് എല്ലാ മനുഷ്യ വ്യക്തികൾക്കുള്ളിലും ജന്തുസസ്യാദികളിലും നതപരമായ എല്ലാ ആരാധനാസ്ഥലങ്ങളിലും സന്നിഹിതനായിരിക്കുന്നു.' ദൈവീകസത്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത മനുഷ്യമനസ്സുകൾക്ക് ഇത് യുക്തിപൂർവമെന്ന് തോന്നിയേക്കാം

എന്നാൽ ഇതു പൂർണ്ണമായും തെറ്റാണ്. എല്ലാ സ്ഥലത്തും സംഭവിക്കുന്ന കാര്യങ്ങൾ ദൈവം അറിയുന്നുണ്ടെന്ന അർത്ഥത്തിൽ ദൈവം സർവവ്യാപിയാണ് എന്നു നമുക്ക് പറയാം. എങ്കിലും അവിടുന്നു നരകത്തിൽ തീർച്ചയായും സന്നിഹിതനായിരിക്കുന്നില്ല; അവിടെ സംഭവിക്കുന്ന കാര്യങ്ങൾ അവിടുന്നു അറിയുന്നുണ്ടെങ്കിലും തന്നെയും.

പാപികൾക്കുള്ള നിത്യശിക്ഷാവിധിയാണല്ലോ നരകം. ദൈവം സന്നിഹിതനല്ലാത്ത ഒരു സ്ഥലമാണവിടം. നരകം എന്ന വാക്കിന്റെ അർത്ഥം തന്നെ അതാണ്. നരകത്തിൽ പാപികൾ അനുഭവിക്കുന്ന യാതന അസഹ്യമായിരിക്കുന്നതിന്റെ കാരണം തന്നെ ഈ അസാന്നിധ്യമാണല്ലോ.

അതിനാൽ തീർച്ചയായും ദൈവം എല്ലായിടത്തും വസിക്കുന്നില്ല.

മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ നിത്യശിക്ഷയിൽനിന്ന് രക്ഷിക്കുവാൻ പിതാവായ ദൈവം പുത്രനെ കന്യകയിൽ പരിശുദ്ധാത്മാവിന്റെ പ്രകൃത്യതീതവ്യാപാരം മുഖേന 2000 വർഷം മുമ്പ് ഒരു ശിശുവായി ജനിക്കുവാൻ അയച്ചു.

യേശുവെന്ന പേർ വിളിച്ച ഈ വ്യക്തിയാണ് ക്രിസ്തു.

മനുഷ്യവ്യക്തികൾ അഭിമുഖീകരിക്കുന്ന എല്ലാ പരീക്ഷകളെയും അഭിമുഖീകരിച്ചുകൊണ്ട് അവിടുന്ന് ശൈശവാവസ്ഥയിൽനിന്ന് പുരുഷത്വത്തിലേക്ക് വളർന്നുവന്നു. ആ പരീക്ഷകളിലെല്ലാം അവിടുന്നു വിജയിയായിത്തീർന്നു.

അവിടുന്ന് ഒരിക്കൽപോലും പാപം ചെയ്തില്ല.

പിതാവായ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ അവിടത്തെ മുപ്പത്തിമൂന്നാം വയസ്സിൽ ദുഷ്ടമനുഷ്യരാൽ പിടിക്കപ്പെടുവാനും ക്രൂശിന്മേൽ തറയ്ക്കപ്പെട്ട് മരണം അനുഭവിപ്പാനും അനുവദിച്ചു. ക്രൂശിന്മേൽ അവിടുന്ന് നമുക്കുവേണ്ടി ശാപമായിത്തീരുകയും മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കുള്ള ശിക്ഷ തന്റെ മേൽ വഹിക്കുകയും ചെയ്തു. അവിടെ നാം ദൈവത്തിന്റെ മഹത്തായ സ്നേഹം കാണുന്നു.

യേശുക്രിസ്തു ക്രൂശിന്മേൽ മരിക്കുകയും രക്തം ചൊരിയുകയും ചെയ്തപ്പോൾ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള ന്യായമായ കടം അവിടുന്നു പൂർണ്ണമായും കൊടുത്തുതീർത്തു.

ന്യായത്തിന്റെ അവകാശവാദങ്ങൾ പരിഹരിക്കപ്പെട്ടു.

ക്രൂശിന്മേലുള്ള അവിടുത്തെ യാഗം സ്വീകരിക്കപ്പെട്ടുവെന്നു തെളിയിക്കുവാൻവേണ്ടി മരണശേഷം മൂന്നാം നാൾ ദൈവം അവിടുത്തെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപിച്ചു.

ദൈവം ഏകനാണ് എന്നും ഭൂമിയിൽ ദൈവത്തിന് യേശുക്രിസ്തുവെന്ന ഒരൊറ്റ അവതാരമേ ഉണ്ടായിട്ടുള്ളുവെന്നും ഉള്ള വസ്തുതകൾ രണ്ടു കാര്യങ്ങളാൽ തെളിയിക്കപ്പെട്ടിരിക്കുന്നു;

1. യേശുക്രിസ്തുവെന്ന ഒരുവൻ മാത്രമാണ് ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരണം വരിച്ചിട്ടുള്ളത്.
2. മരിച്ചതിനുശേഷം പിന്നീടൊരിക്കലും മരണം ഉണ്ടാകാത്തവിധം ജീവനിലേക്കു തിരിച്ചുവരികയും അങ്ങനെ മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ മരണത്തെ താൻ ജയിച്ചുവെന്നു തെളിയിക്കുകയും ചെയ്തത് യേശുക്രിസ്തുവെന്ന ഒരുവൻ മാത്രമാണ്.

ഉയർത്തെഴുന്നേറ്റതിനുശേഷം വീണ്ടും നാൽപതുദിവസം കഴിഞ്ഞു യേശു സ്വർഗ്ഗത്തിലേക്കു മടങ്ങി. അവിടുന്നു ഇന്നും ജീവിക്കുന്നു.

ഈ ലോകത്തെ ന്യായം വിധിക്കുവാനും നീതിയോടും സമാധാനത്തോടും കൂടെ ലോകത്തെ ഭരിക്കുവാനുമായി ഒരു ദിവസം താൻ മടങ്ങിവരുമെന്ന് താൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് അവിടുന്ന് വാഗ്ദാനം ചെയ്തു. ഭൂമിയിലേക്കുള്ള തന്റെ മടങ്ങിവരവിനുമുമ്പ് സംഭവിക്കുന്ന ചില അടയാളങ്ങൾ അവിടുന്നു നമുക്ക് നൽകിയിട്ടുണ്ട്.

ആ അടയാളങ്ങൾ ഇപ്പോൾ നിറവേറിക്കോണ്ടിരിക്കുന്നതായി നാം കാണുന്നതിനാൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് വളരെ വളരെ സമീപസ്ഥമാണെന്ന് നാം അറിയുന്നു.

അവിടുന്നു ഭൂമിയിലേക്കു മടങ്ങിവരുന്നതിനുമുമ്പായി ക്രിസ്തുവിൽ ദൈവം നിങ്ങൾക്കു നൽകുന്ന പാപക്ഷമ നിങ്ങൾ സ്വീകരിക്കേണ്ടത് സുപ്രധാനകാര്യമാണ്.

# അധ്യായം അഞ്ച്

# മാനസാന്താരത്തെ സംബന്ധിച്ച് യഥാർത്ഥസത്യം

**പാ**പത്തിന്റെ ശിക്ഷ ആത്മീയമരണമാണ്. നാം നേരത്തേ മനസ്സിലാക്കിയതുപോലെ ആത്മീയമരണമെന്നത് ദൈവസാന്നിധ്യത്തിൽനിന്ന് എന്നേക്കുമായിത്തന്നെ അകറ്റപ്പെടുകയാണ്. അതാണ് യേശു ക്രൂശിന്മേൽ അനുഭവിച്ചത്. തന്റെ പിതാവിനാൽ അവിടുന്ന് ഉപേക്ഷിക്കപ്പെട്ടവനായിത്തീർന്നു.

യേശു ദൈവവും തന്മൂലം തന്റെ ആന്തരിക വ്യക്തിത്വത്തിൽ നിത്യനുമാകയാൽ തന്റെ പിതാവിൽ നിന്നുള്ള നിത്യമായ വേർപാടിന്റെ അതിവേദനയെ ഒരു ചുരുങ്ങിയ സമയം, അതായത് ക്രൂശിന്മേൽ സംഭവിച്ചതും തികച്ചും ഇരുളടഞ്ഞതുമായ മൂന്നു മണിക്കൂർകൊണ്ട് അനുഭവിക്കുവാൻ അവിടുത്തേക്ക് കഴിഞ്ഞു. ഈ സമയത്തിനുള്ളിൽ അവിടുന്ന് നിത്യനരകത്തിന്റെ വേദന, നാം നിത്യതമുഴുവൻ അനുഭവിക്കേണ്ടി വരുമായിരുന്ന വേദന തന്നെ, അനുഭവിച്ചു.

നമ്മുടെ പാപത്തിന്റെ ശിക്ഷ അവിടുന്നു തന്റെ മേൽ ഏറ്റെടുത്തു. എങ്കിലും ഈ ക്ഷമയെ ദൈവത്തിൽനിന്നും നാം കൈകൊള്ളുന്നില്ലെങ്കിൽ, നാം പാപക്ഷമ ലഭിച്ചവരും അതിന്റെ ശിക്ഷയിൽനിന്നു സ്വതന്ത്രരുമായിത്തീരുന്നില്ല. ഈ കാരണത്താലാണ് ക്രിസ്തു തങ്ങൾക്കുവേണ്ടി മരിച്ചുവെങ്കിലും ഈ ലോകത്തിലെ മിക്ക മനുഷ്യരും ദൈവത്തിൽനിന്നും ക്ഷമ പ്രാപിക്കാത്തവരായിക്കഴിയുന്നത്.

ക്രിസ്തു കേവലം ക്രിസത്യാനികളുടെ മാത്രം പാപത്തിനായിട്ടല്ല, പിന്നെയോ എല്ലാ മതത്തിലുമുൾപ്പെട്ടവരായി ലോകത്തിലുള്ള എല്ലാ മനുഷ്യരുടേയും പാപത്തിനുവേണ്ടിത്തന്നെ മരിച്ചു.

ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവം നിങ്ങൾക്കായി നേടിത്തന്നതിനെ പ്രാപിക്കുവാൻ നിങ്ങൾ ഒന്നാമതായി നിങ്ങളുടെ പാപങ്ങളെപ്പറ്റി അനുതപിച്ച് മാനസാന്തരപ്പെടണം . നിങ്ങളുടെ പാപവഴികളെപ്പറ്റി നിങ്ങൾ യഥാർത്ഥമായി ദു;ഖിക്കുന്നുവെന്നും നിങ്ങൾക്കറിവുള്ള എല്ലാ പാപത്തിൽനിന്നും പിന്മാറി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെന്നുമാണ് ഇതിന്റെ അർത്ഥം.

ആരംഭഘട്ടത്തിൽ ദൈവത്തിനു പ്രസാദകരമായതെന്തെന്നും അവിടുത്തേക്കു പ്രസാദകരമല്ലാത്തതെന്തെന്നും ഗ്രഹിക്കുമാറ് നിങ്ങളുടെ മനസ്സാക്ഷി സജിവമായിരിക്കുകയില്ല. അതിനാൽ നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന് അനിഷ്ടകരമായ എല്ലാറ്റിൽനിന്നും വിട്ടുമാറുവാൻ നിങ്ങൾക്ക് അസാധ്യമായിരിക്കും. ദൈവം യാഥാർത്ഥ്യബോധമുള്ളവനാകയാൽ അവിടുന്ന് അത്രയും അവകാശപ്പെടുകയും ചെയ്യുന്നില്ല. തനിക്ക് അനിഷ്ടകരമായ എല്ലാറ്റിനെയും ഉപേക്ഷിക്കുവാൻ നിങ്ങൾ ഒരുക്കമുള്ളവനാകണമെന്നു മാത്രമേ അവിടുന്നു ആവശ്യപ്പെടുന്നുള്ളു.

നിങ്ങളുടെ മനസ്സാക്ഷി നിങ്ങളിൽ കുറ്റബോധം ജനിപ്പിക്കുന്ന കാര്യങ്ങളിൽനിന്ന് വിട്ടകന്നകൊണ്ട് ഒരാരംഭമിടുവാൻ നിങ്ങൾ കഴിയും.

നിങ്ങളുടെ ദുശ്ശീലങ്ങളെ ഉപേക്ഷിക്കുവാനുള്ള ശക്തി നിങ്ങൾക്കുണ്ടായില്ലെന്നവരാം. ഇവിടെയും നിങ്ങളുടെ കഴിവുകേട് ദൈവം പൂർണ്ണമായി മനസ്സിലാക്കുന്നു. അതിനുള്ള കരുത്തു നിങ്ങൾ കാട്ടണമെന്നും ദൈവം പ്രതീക്ഷിക്കുന്നില്ല. " നിങ്ങളുടെ ദുശ്ശീലങ്ങൾ വിട്ടകലുവാൻ നിങ്ങൾ ഒരുക്കമാണോ?" എന്നു മാത്രമാണ് അവിടുന്നു ചോദിക്കുന്നത്. നിങ്ങൾ സത്യസന്ധനെന്നും പാപകരമായതെല്ലാം ഉപേക്ഷിക്കുവാൻ സന്നദ്ധനെന്നും ദൈവം കാണുമ്പോൾ, അസംഖ്യം ദുശ്ശീലങ്ങളാൽ പരാജിതനായി നിങ്ങൾ ഇരിക്കുന്നുവെങ്കിൽത്തന്നെയും, നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ അവിടുന്ന നിങ്ങളെ കൈക്കൊള്ളും.

എത്ര അദ്ഭുതകരമായ ഒരു സുവാർത്തയാണിത്!

നിങ്ങളുടെ പഴയ പാപവഴികൾ പരിത്യജിക്കുവാൻ നിങ്ങൾ സന്നദ്ധനാണെന്നുള്ളതിന്റെ ഒരു തെളിവ് ഭൂതകാലത്തു നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകൾ തിരുത്തുവാനുള്ള നിങ്ങളുടെ സന്നദ്ധതയിലൂടെയാണ് പ്രകടമാകുന്നത്. ഇവിടെപ്പോലും നിങ്ങളുടെ പരിമിതികൾ ദൈവം മനസ്സിലാക്കുന്നു.

കഴിഞ്ഞ കാലത്ത് നിങ്ങൾ ചെയ്തിട്ടുള്ളവയും ഇപ്പോൾ എത്ര കഠിനശ്രമം ചെയ്താലും ശരിയാക്കുവാൻ കഴിയാത്തവയുമായ ആയിരക്കണക്കിനു തെറ്റുകളും പാപങ്ങളും ഉണ്ട്. എന്നാൽ നിങ്ങൾ ശരിയാക്കുവാൻ കഴിയുന്നവയായി ചിലതുണ്ട്. നിങ്ങളുടെ കഴിവിന്റെ പരാമാവധി അത്തരം കാര്യങ്ങൾ തിരുത്തണമെന്നു മാത്രമേ ദൈവം പ്രതീക്ഷിക്കുന്നുള്ളു.

ഉദാഹരണമായി ആരിൽനിന്നെങ്കിലും നിങ്ങൾ പണം അപഹരിച്ചിട്ടുണ്ടെങ്കിൽ അത്രത്തോളം പണം നിങ്ങൾക്കു മിച്ചമായിട്ടുണ്ടാകുന്ന സമയത്തുതന്നെ അതു കൊടുത്തുതീർക്കണമെന്നു ദൈവം പ്രതീക്ഷിക്കുന്നു. നിങ്ങളുടെ വാക്കുകൾ മൂലം നിങ്ങൾ ആരെയെങ്കിലും മുറിപ്പെടുത്തുകയും അതു നിങ്ങൾക്കു ഇപ്പോൾ ഓർമ്മയുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ അയാളുടെ അടുക്കൽ ചെന്നോ അയാളുടെ പേർക്കു കത്തെഴുതിയോ നിങ്ങൾ പറഞ്ഞുപോയതിനു ക്ഷമ ചോദിക്കുവാൻ നിങ്ങൾ സന്നദ്ധനാകണം. നിങ്ങളുടെ ആത്മാർത്ഥതയെയും താഴ്മയെയും ദൈവം പരീക്ഷിച്ചറിയുന്ന മാർഗ്ഗങ്ങളായിരിക്കും അത്തരം പ്രവൃത്തികൾ. താഴ്മയുള്ളവർക്കുമാത്രമേ ദൈവം സഹായം നൽകുന്നുള്ളൂ.

ദൈവത്തിന്റെ സഹായം കൂടാതം നമുക്കു രക്ഷ നേടുവാൻ സാധ്യമല്ല.

യഥാർത്ഥ മാനസാന്തരത്തെ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു തിരിയുന്ന ഒരു പ്രവൃത്തിയെന്ന് ബൈബിൾ വിളിക്കുന്നു (1തെസ്സലോനിക്യർ അധ്യായം 1 വാക്യം 9).

എല്ലാ രൂപത്തിലുമുള്ള വിഗ്രഹരാധനയെ ദൈവം വെറുക്കുന്നു. എന്താണ് വിഗ്രഹാരാധന? സൃഷ്ടിക്കപ്പെട്ട ഏതെങ്കിലുമൊന്നിനെ സ്രഷ്ടാവിനുപരിയായികരുതുകയാണത്. സൃഷ്ടിക്കപ്പെട്ട ആ വസ്തു പണമോ സൗന്ദര്യമുള്ള ഒരു സ്ത്രീയോ നമ്മുടെ പ്രശ്സ്തയോ എന്തുമാകാം.

ഇപ്രകാരം സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവിനെ ദൈവത്തിനുപരി തെരഞ്ഞെടുക്കുന്നത് വിഗ്രഹരാധനയാണ്. സ്രഷ്ടാവിനുപകരം സൃഷ്ടിയെ ആരാധിക്കുകയാണത്. സകല പാപത്തിന്റെയും മുലം അതുതന്നെയാണ്

തടികൊണ്ടോ കല്ലുകൊണ്ടോ ലോഹംകൊണ്ടോ നിർമ്മിക്കപ്പെട്ട വസ്തുക്കളും വിഗ്രഹങ്ങളാകാം. മനിഷ്യനിർമ്മിതങ്ങളായ ഇ വസ്തുക്കൾ മനുഷ്യൻ ആരാധിക്കുന്ന ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു, എന്നാൽ പ്രപഞ്ചസൃഷ്ടാവിനോടു വിദൂരസാമ്യമെങ്കിലുമുള്ള എന്തിനെയെങ്കിലും സ്വന്തകൈകളാൽ നിർമ്മിക്കുവാൻ മനുഷ്യനു സാധ്യമല്ല. വിഗ്രഹങ്ങളെ ഉപയോഗിക്കുന്നതിനെ സാധൂകരിച്ചുകൊണ്ട് ചിലർ പറയാറുള്ളതുപോലെ ‘ ദൈവത്തെ സ്മരിക്കുവാൻ സാധിക്കുന്നവ’ യായ പ്രതിമകളെയോ ചിത്രങ്ങളെയോ പോലും നാം ഉപയോഗിക്കരുത്. സർവശക്തനായ ദൈവത്തിന്റെ ഒരു പ്രതിമയെ സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ സാദൃശ്യത്തിൽ നിർമ്മിക്കുന്നത്- ആ പ്രതിമയോ ചിത്രമോ പുരുഷന്റെയോ സ്ത്രീയുടേയോ ജന്തുവിന്റെയോ എന്നല്ല ഏതിന്റെയെങ്കിലുമോ സാദൃശ്യത്തിലായാലും ദൈവത്തെ അനാദരിക്കലാണ്.

നഗ്നനേത്രങ്ങൾക്ക് അദൃശ്യനാണു ദൈവം. ഒരു പ്രതിമ എത്ര മെച്ചമായി നിർമ്മിച്ചതോ കൊത്തിയുണ്ടാക്കിയതോ ആയാലും അതിനാൽ പ്രതിനിധാനം ചെയ്യപ്പെടുവാൻ പാടില്ലാത്തവിധം അത്ര ഉന്നതനാണ് അവിടുന്ന്. എങ്ങനെയായാലും ദൈവത്തെ ഓർമ്മിപ്പിക്കുവാൻ ദൃശ്യമായ അത്തരമൊരു സ്മാരകവസ്തു നമുക്കാവശ്യമില്ല. നമ്മുടെ സ്രഷ്ടാവിനെപ്പറ്റി നമുക്ക് ഓർമ്മ നൽകിക്കൊണ്ടു രാവും പകലും നിരന്തമായി നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു മനസ്സാക്ഷി നമുക്കെല്ലാം ഉണ്ട്.

ഈ മനസ്സാക്ഷിയുടെ ശബ്ദം ശ്രദ്ധിക്കുന്നതിനു പകരമുള്ള ഒരു വസ്തു (substitute)ആയി വിഗ്രഹാരാധനയും മതപ്രവർത്തനവും തീർത്ഥാടനവുമെല്ലാം പലപ്പോഴും തീരുന്നുണ്ട്.

ആളുകൾ ദൈവീകനിയമങ്ങളെ ലംഘിക്കുകയും ഭാവിയിലും അവയെ ലംഘിക്കുവാൻ പദ്ധതി തയ്യാറാക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പലവിധ മതാചാരങ്ങളിലും മതസംബന്ധമായ പ്രവർത്തനങ്ങളിലുമെല്ലാം ഏർപ്പെട്ടു തങ്ങളുടെ മനസ്സാക്ഷിയുടെ ശബ്ദത്തെ ശ്വാസംമുട്ടിച്ചു കൊല്ലുവാൻ ശ്രമിക്കുകയാണ് അവർ ചെയ്യുന്നത്. തങ്ങൾ നടത്തുന്ന യാഗങ്ങളും തീർത്ഥാടനങ്ങളും നിമിത്തം ദൈവം തങ്ങളുടെ ബഹുവിധപാപങ്ങളെ ക്ഷമിക്കുമെന്ന് അവർ സങ്കല്പിക്കുന്നു. എന്നാൽ ഇതൊരു വഞ്ചനയാണ്.

നമ്മുടെ മതാചാരങ്ങളെയും മതാനുഷ്ഠാനങ്ങളെയുമല്ല ദൈവം നോക്കുന്നത്. നാം നമ്മുടെ മനസ്സാക്ഷിയുടെ ശബ്ദത്തിന് ചെവികൊടുക്കുന്നുണ്ടോ എന്നു കാണുവാൻ നമ്മുടെ ഹൃദയങ്ങളെയാണ് അവിടുന്നു നോക്കുന്നുത്.

അതിനാൽ എല്ലാവിധ വിഗ്രഹാരാധനയിൽനിന്നും ഒഴിഞ്ഞുമാറുക എന്നാത് മാനസാന്തരത്തിന്റെ ഭാഗമത്രേ. യഥാർത്ഥമായ മാനസാന്തരത്തിൽ എല്ലാ സൃഷ്ടികളിൽനിന്നും വിട്ടകന്ന് സ്രഷ്ടാവിങ്കലേക്കു നാം തിരിയുകയും അവിടുത്തോട് ഇപ്രകാരം പറയുകയും ചെയ്യും;“ സർവശക്തനായ ദൈവമേ, അവിടുന്നു മാത്രം ആരാധിക്കപ്പെടുവാനും സേവിക്കപ്പെടുവാനും യോഗ്യൻ . ഇന്നുവരെയും സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ ആരാധിച്ചതിനെപ്പറ്റി ഞാൻ ദു:ഖിക്കുന്നു. ഇന്നുമുതൽ എന്റെ ജീവിതത്തിൽ അങ്ങുമാത്രം സർവോന്നതനായി വർത്തിക്കും”.

മാനസാന്തരമെന്നതിന് നാം നമ്മുടെ ജോലിയും കുടുംബവുമെല്ലാം വിട്ട് ഏതെങ്കിലും വനാന്തരത്തിലോ പർവതത്തിലോ ഏകാന്തതാപസരായിക്കഴിയുക എന്നർത്ഥമില്ല; ഒരിക്കലുമില്ല.

നമുക്ക് കുടുംബമുണ്ടായിരിക്കണമെന്നും നമ്മുടെ ഉപജീവനത്തിനുവേണ്ടി നാം ജോലിചെയ്യണമെന്നും ദൈവം ആഗ്രഹിക്കുന്നു. പണം സമ്പാദിക്കുന്നത് പാപമല്ല; എന്നാൽ ദൈവത്തെക്കാളധികം പണത്തെ സ്നേഹിക്കുന്നത് പാപം തന്നെ.

ആധുനിക പരിഷ്കാരം നമുക്ക് നൽകിയിട്ടുള്ള സുഖസൗകര്യങ്ങൾ നാം ഉപയോഗിക്കുന്നതു പാപമല്ല. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നതിലുമധികം ആ സുഖസൗകര്യങ്ങളെ നാം സ്നേഹിക്കുന്ന പക്ഷം അതു പാപം തന്നെ.

ഭക്ഷണം, നിദ്ര, ലൈംഗികസംതൃപ്തി എന്നിവ നാം അനുഭവിക്കുമാറ് നമ്മുടെ ശരീരങ്ങളെ ദൈവം സൃഷ്ടിച്ചിരിക്കുന്നു. ഈ കാര്യങ്ങളൊന്നും തന്നെ തെറ്റായിട്ടുള്ളതല്ല.

നാം പലപ്പോഴും വിശപ്പുള്ളവരും ക്ഷീണതരുമായിത്തീരുന്നതിനെപ്പറ്റി നമുക്ക് ലജ്ജ തോന്നാത്തതുപോലെതന്നെ നമ്മുടെ ലൈംഗികാഭിലാഷത്തെപ്പറ്റി നാം ലജ്ജിതരാകേണ്ട ആവശ്യമില്ല. എന്നാൽ വിശപ്പുള്ളപ്പോൾ നാം ഭക്ഷണം മോഷ്ടിക്കുവാൻ പാടില്ല; നമ്മുടെ ജോലികളിൽ ഏർപ്പെടേണ്ട സമയത്ത് നാം കിടന്നുറങ്ങാനും പാടില്ല!

അതുപോലെതന്നെ നമ്മുടെ ലൈംഗികാഭിലാഷം നിറവേറ്റുവാനായി മറ്റൊരുവ്യക്തിയോട് നാം അക്രമം കാട്ടുവാൻ പാടില്ല. ദൈവം വിവാഹമെന്ന വ്യവസ്ഥ മനുഷ്യനു നിയമിച്ചിരിക്കുന്നു. ലൈംഗികാഭിലാഷത്തിന്റെ പൂരണത്തിനുവേണ്ടി ഒരു മനുഷ്യന് ഒരു ഭാര്യയുണ്ടാവണമെന്ന് ദൈവം കല്പിച്ചിരിക്കുന്നു. വിവാഹത്തിനു പുറമേയുള്ള ഏതൊരു ലൈംഗിക ബന്ധവും പാപമാണ്. എല്ലാ ലൈംഗികപാപങ്ങളെപ്പറ്റിയും നാം പശ്ചാത്തപിച്ച് അവയെ ഉപേക്ഷിക്കയും ആത്മാർത്ഥതയോടെ നാം ദൈവത്തിങ്കലേക്കു തിരിയുകയും വേണം.

നിങ്ങൾ മാനസാന്തരപ്പെടേണ്ട മറ്റൊരുപാപം മറ്റുള്ളവരോടു ക്ഷമിക്കാത്ത മനോഭാവമാണ്. ദൈവം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളോട് ഏതെങ്കിലും പ്രകാരത്തിൽ തെറ്റുചെയ്തിട്ടുള്ള എല്ലാവരോടും ക്ഷമിക്കുവാൻ നിങ്ങൾ സന്നദ്ധരാകണം.

ദൈവം നിങ്ങളോടു എങ്ങനെ പെരുമാറിയോ അപ്രകാരം നിങ്ങൾ മറ്റുള്ളവരോടും പെരുമാറണം, ഇപ്രകാരം ചെയ്യുവാൻ നിങ്ങൾക്കു മനസ്സില്ലെങ്കിൽ ദൈവം നിങ്ങളോടു ക്ഷമിക്കുകയില്ല.

കർത്താവായ യേശുക്രിസ്തു ഇപ്രകാരം അരുളിച്ചെയ്തു: "നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല"(മത്തായി അധ്യായം 6 വാക്യം 15).

നിങ്ങൾക്കു കഠിനമായ ദോഷം ചെയ്ത ഒരുവനോടു ക്ഷമിക്കുക എന്നത് ഏറ്റവുമധികം വിഷമമുള്ള ഒരു കാര്യമായി നിങ്ങൾക്കു തോന്നിയേക്കാം. അപ്പോൾ ആ മനുഷ്യനോട് ക്ഷമിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുവാൻ നിങ്ങൾക്കു കഴിയും.

ഇതു ചെയ്യുന്നതിൽ നിങ്ങളെ സഹായിക്കുവാൻ സർവശക്തനായ ദൈവത്തിന്റെ ബലം നിങ്ങൾക്കു ലഭ്യമാണ്. തന്റെ സർവശക്തമായ ബലത്തോടുകൂടെ ദൈവം നിങ്ങളെ സഹായിക്കുന്നപക്ഷം യാതൊന്നും നിങ്ങൾക്കു അസാധ്യമായിത്തീരുക്കയില്ല.

നമ്മുടെ എല്ലാ പാപങ്ങളെയും അവ എത്ര വലുതും തിന്മ നിറഞ്ഞതുമായിരുന്നാലും ക്ഷമിക്കുവാൻ ദൈവത്തിന് കഴിയും. എന്നാൽ അതിലേക്ക് നാം മാനസാന്തരപ്പെടേണ്ടത്- അതായത് നാം അവയെപ്പറ്റി യഥാർത്ഥമായി ദു:ഖിക്കുകയും നമ്മുടെ ആ പഴയ പാപവഴികൾ വിട്ടുതിരിയുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യേണ്ടത്- ആവശ്യമത്രേ.

# അധ്യായം ആറ്

# വിശ്വാസത്തെ സംബന്ധിച്ച യഥാർത്ഥസത്യം

ഒരിക്കൽ നാം മാനസാന്തരപ്പെട്ടുകഴിഞ്ഞാൽ ദൈവത്തിൽനിന്നും പാപക്ഷമ ലഭിക്കുവാൻ അടുത്തതായി നമുക്കാവശ്യമായിരിക്കുന്നത് വിശ്വാസമാണ്.

" കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്" (എഫേസ്യർ അധ്യായം 2 വാക്യം 8).

ദൈവം തന്റെ സഹായവും അനുഗ്രഹങ്ങളും നൽകുവാനായി നമ്മിലേക്ക് നീട്ടുന്ന അവിടുത്തെ കരമാണ് കൃപ. ദൈവത്തിൽനിന്നും ആ സഹായവും അനുഗ്രഹങ്ങളും സ്വീകരിപ്പാനായി നാം അവിടുത്തെ നേരേ നീട്ടുന്ന കരമാണ് വിശ്വാസം.

നേരത്തേ നാം ചിന്തിച്ചതുപോലെ ദൈവത്തിന് സ്വന്തം പ്ലാൻ അനുസരിച്ച് സകലവും പ്രവർത്തിക്കുന്ന വെറും യന്ത്രമനുഷ്യരെല്ല വേണ്ടത്. അതല്ല നമ്മെപ്പറ്റി ദൈവം ആഗ്രഹിക്കുന്നത് . നാം സ്വയം കാര്യങ്ങൾ

തെരെഞ്ഞടുക്കണമെന്ന് അവിടുന്നു ആഗ്രഹിക്കുന്നു.

ദൈവം നിങ്ങളെ ആഴമായി സ്നേഹിക്കുന്ന നല്ലവനായ ഒരു ദൈവമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

ആ ദൈവം നിങ്ങലുടെ പാപങ്ങൾക്കവേണ്ടി ക്രൂശിന്മേൽ മരിക്കുവാൻ തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഭൂമിയിലേക്കു അയച്ചുവെന്നും മൂന്നുനാളിനുശേഷം ദൈവം അദ്ദേഹത്തെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപിച്ചുവെന്നും ആ യേശു ഇന്നു സ്വർഗ്ഗത്തിൽ ജീവിക്കുന്നുവെന്നും നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

അങ്ങനെയെങ്കിൽ ഇപ്പോൾ തന്നെ ദൈവം വാഗ്ദാനം ചെയ്യുന്ന പാപക്ഷമ നിങ്ങൾക്കു പ്രാപിക്കാം . അതിനുവേണ്ടി ഇനി കാത്തിരിക്കേണ്ട ആവശ്യമില്ല.

പാപത്തിൽനിന്നും നരകത്തിൽനിന്നുമുള്ള രക്ഷയെ ദാനം ചെയ്യുവാൻ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ഒഴികെ ഭൂമിയിൽ മറ്റൊരു നാമവുമില്ല. യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ വിവാഹത്തിലെന്നപോലെ മറ്റല്ലാവരെയും വിട്ട് അവിടുത്തോടു മാത്രം നിങ്ങൾ പറ്റിച്ചേരേണ്ടത് അത്യാവശ്യമാണ്. വിവാഹത്തിൽ ഒരു സ്ത്രീ തന്റെ പൂർവകാലകമിതാക്കളെയെല്ലാം വെടിഞ്ഞ് തന്റെ ഭർത്താവെന്ന ഏകപുരുഷനുമായി പറ്റിച്ചേരുകയാണല്ലോ ചെയ്യുന്നത്.

കർത്താവായ യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തെ ഒരാത്മീയ വിവാഹത്തോട് ബൈബിൾ ഉപമിക്കുന്നു. ആ ബന്ധത്തിൽ യേശു മാത്രമാണ് നമ്മുടെ സ്വർഗ്ഗീയഭർത്താവ്. അതിനാൽ യേശുവിനെ കൈകൊള്ളുവാൻ നിങ്ങൾ സന്നദ്ധനാണെന്നു പറുകയും അതേസമയം അന്യദേവന്മാരോടു പ്രാർത്ഥിക്കുകയും ചെയ്യുവാൻ നിങ്ങൾക്കു സാധ്യമല്ല. ഇവിടെ നിങ്ങൾ ഒരു തെരഞ്ഞെടുപ്പു നടത്തിയേ മതിയാവൂ.

ഇപ്രകാരമൊരു തെരഞ്ഞെടുപ്പു നടത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള സമയം ഇപ്പോഴാണ്.

ഇപ്പോൾ തന്നെ നിങ്ങൾ മുട്ടുകുത്തി കണ്ണുകൾ അടച്ച്  ഈ വാക്കുകൾ ദൈവത്തോടു പറയുക. നിങ്ങൾ എവിടെയായരുന്നാലും ദൈവത്തിന് ആ വാക്കുകൾ കേൾപ്പാൻ കഴിയും. നിങ്ങൾ പറയുന്നതു കേൾക്കുവാൻ അവിടുന്നു തൽപരനാണ്. അതിനാൽ ഈ വാക്കുകൾ ആത്മാർത്ഥമായും സാവകാശത്തിലും പറയുക.

“ കർത്താവായ യേശുക്രിസ്തുവേ, ഞാൻ ഒരു പാപിയാണ്, എന്റെ എല്ലാ പാപങ്ങളും വിട്ട് അങ്ങയിലേക്ക് തിരിയുവാൻ ഞാൻ സത്യമായും ആഗ്രഹിക്കുന്നു . അങ്ങ് എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്നും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റുവെന്നും ഇന്നു ജീവനോടെയിരിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ എല്ലാ പാപങ്ങളും ദയവായി ക്ഷമിക്കണമെ. എന്റെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും അങ്ങു വരണമേ. ഇന്നുമുതൽ എന്റെ ജീവിതത്തിന്റെ അധീശനായി അങ്ങു തീരണമേ. ഞാൻ മറ്റെല്ലാ ദൈവങ്ങളെയും ഉപേക്ഷിക്കുന്നു. ഇന്നുമുതൽ അങ്ങയെ മാത്രം ആരാധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.”

ഇപ്രകാരമൊരു പ്രാർത്ഥന ചെയ്യുവാൻ നിങ്ങൾക്ക് അരമിനിട്ടിൽക്കവിയാത്ത സമയം മതിയാകും.എന്നാൽ പൂർണ്ണ ആത്മാർത്ഥതയോടെ നിങ്ങൾ ഈ പ്രാർത്ഥന ചെയ്യുമെങ്കിൽ നിങ്ങളുടെ ആത്മാവ് ശാശ്വതമായ രക്ഷ പ്രാപിക്കും. ഇതു ചെയ്യുന്ന നിമിഷത്തിൽത്തന്നെ നിങ്ങൾ ഒരു ദൈവപൈതലായിത്തീരും.

ഈ വാക്കുകൾ ഒരു തത്തയെപ്പോലെ ആവർത്തിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കുവാൻ കഴിവുള്ള ഇന്ദ്രജാലവിദ്യയൊന്നുമല്ല ഇത്. നിങ്ങളുടെ ഹൃദയപരമാർത്ഥതയുടെ അടിസ്ഥാനത്തിലാണ് അതു പ്രവർത്തിക്കുന്നത്. നിങ്ങൾ പറയുന്ന കാര്യം നിങ്ങൾ അർത്ഥമാക്കുന്നുണ്ടെങ്കിൽ ദൈവം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും നിങ്ങളെ കൈകക്കൊണ്ട് തന്റെ പൈതലാക്കി നിങ്ങളെ തീർക്കുകയും ചെയ്യും. നേരേമറിച്ച് നിങ്ങൾക്ക് ആത്മാർത്ഥയില്ലെങ്കിൽ നിങ്ങൾക്കൊരു മാറ്റവും ഉണ്ടാവുകയില്ല.

ദൈവം വാസ്തവമായും നമ്മോട ക്ഷമിച്ചുവെന്നും നമ്മെ കൈക്കൊണ്ടുവെന്നും തന്റെ മക്കളാക്കി നമ്മെ തീർത്തുവെന്നുമുള്ള ഉറപ്പു പ്രാപിക്കുക എന്നത് വളരെ പ്രധാന കാര്യമാണ്. ഈ ഉറപ്പില്ലാത്തവരായി നാം കഴിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽവന്നു ദൈവം നമ്മെ തന്റെ മക്കളാക്കിത്തീർത്തിരിക്കുന്നുവെന്ന ഉറപ്പ് നമുക്ക് നൽകുന്നു. തന്റെ എഴുതപ്പെട്ട വചനമായ ബൈബിളിലൂടെ നമുക്കു താൻ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ മുഖാന്തരവും ദൈവം ഈ നിർണ്ണയം നമുക്കു നൽകുന്നു.

“ എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയുകയില്ല” എന്നു കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തു (യോഹന്നാൻ അധ്യായം 6 വാക്യം 37 ).

നമുക്ക് എന്നെന്നേക്കുമായി ക്രിസ്തുവിന്റെ ഈ വാഗ്ദാനത്തിൽ പൂർണ്ണമായും വിശ്വാസമർപ്പിപ്പാൻ സാധ്യമാണ്.

നിങ്ങൾ ഇപ്പോൾ കർത്താവായ യേശുക്രിസ്തുവിനോട് ആത്മാർത്ഥതയോടെ ആ പ്രാർത്ഥന പ്രാർത്ഥിച്ചുവോ? എങ്കിൽ നിങ്ങൾക്കു സത്യമായും അവിടുത്തെ അടുക്കലേക്കു വരാം. അവിടുന്നു നിങ്ങളെ കൈവിട്ടിട്ടില്ല എന്നു നിങ്ങൾക്കു ഉറയ്ക്കാം. അവിടുന്നു നിങ്ങളെ കൈക്കൊണ്ടിരിക്കുന്നു. അവിടുത്തെ അടുക്കലേക്കു വരിക എന്ന നിങ്ങളുടെ പങ്ക് നിങ്ങൾ നിവർത്തിച്ചുട്ടുണ്ടെങ്കിൽ നിങ്ങളെ സ്വീകരിക്കുക എന്ന തന്റെ പങ്ക് ദൈവവും ചെയ്തിട്ടുണ്ടെന്ന് നിങ്ങൾക്ക് ഉറയ്ക്കാം.

ഈ സന്ദർഭത്തിൽ ദൈവം നിങ്ങളെ കൈക്കൊണ്ടുവോ ഇല്ലയോ എന്നതിനെപ്പറ്റി നിങ്ങളുടെ തോന്നലുകളെ നിങ്ങൾ ആശ്രയിക്കേണ്ടതില്ല. തോന്നലുകൾ നമ്മുടെ ഭൗതികശരീരങ്ങളെ ആശ്രയിച്ചിരിക്കുന്നവയും ആത്മീയ കാര്യങ്ങളിൽ നമ്മെ എപ്പോഴും വഞ്ചിക്കുന്നവയുമാണ്.

തോന്നലുകളിൽ ആശ്രയിക്കുന്നത് ഒരു വീടിന്റെ അടിസ്ഥാനം മണലിന്മേൽ പണിയുന്നതിനു തുല്യമാണ്.

എന്നാൽ ദൈവം തന്റെ വചനത്തിൽ നൽകിയിട്ടുള്ള വാഗ്ദാനങ്ങളിലാണ് നാം വിശ്വാസമർപ്പിക്കേണ്ടത്. അത് പാറമേൽ വീടുപണിയുന്നതിന് തുല്യമത്രേ.

നിങ്ങൾ ഒരു ദൈവപൈതലായിത്തിർന്നുവെന്ന ഉറപ്പ് നിങ്ങൾക്കു ലഭിച്ചു കഴിഞ്ഞൽ നിങ്ങൾ പരസ്യമായി ആ വസ്തുത ഏറ്റുപറയണം. നിങ്ങൾ ഹൃദയം കൊണ്ടു വിശ്വസിക്കുന്ന കാര്യം നാവുകൊണ്ട് ഏറ്റുപറയേണ്ടതാണെന്ന് ബൈബിൾ പറയുന്നു. അതിനാൽ യേശുക്രിസ്തു നിങ്ങളുടെ രക്ഷകനും കർത്താവുമാണെന്ന കാര്യം നിങ്ങളുടെ അധരങ്ങളാൽ നിങ്ങൾ ഏറ്റുപറയണം. ക്രിസ്തു നിങ്ങളുടെ പാപങ്ങളെ ക്ഷമിച്ചുതന്നുവെന്നും അവിടുന്ന് ഇപ്പോൾ നിങ്ങളുടെ ജീവിതത്തിന്റെ ഏകനാഥനാണെന്നും നിങ്ങൾ നിങ്ങളുടെ സ്നേഹിതരോടും ബന്ധുജനങ്ങളോടും പറയേണ്ടതാണ്.

ഇതിനുശേഷം നിങ്ങൾ ക്രിസ്തുവുമായുള്ള നിങ്ങളുടെ ബന്ധത്തെ സ്നാനത്തിലൂടെ ഏറ്റുപറയണം. നിങ്ങളുടെ ഹൃദയവും ജീവിതവും ക്രിസ്തുവിനായി നൽകുവാനുള്ള തീരുമാനം നിങ്ങൾ എടുത്തതിനുശേഷം കഴിവതും വേഗം നിങ്ങൾ സ്നാനപ്പെടണം. സ്നാനം ഒരു മതപരമായ ആചാരമല്ല. ഇപ്പോൾ നിങ്ങൾ യേശുക്രിസ്തുവിന്റെ മാത്രം വകയാണെന്ന് ദൈവത്തോടും മനുഷ്യരോടും ദൂതന്മാരോടും സാത്താനോടും പരസ്യമായി ഏറ്റപറയുന്ന ഒര സാക്ഷ്യമാണത്.

സ്നാനത്തിൽ മറ്റൊരു ക്രിസ്ത്യനി നിങ്ങളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഒരു നദിയിലോ മറ്റു ജലാശയത്തിലോ ഉള്ള വെള്ളത്തിൽ പൂർണ്ണമായും മുക്കുകയും അനന്തരം ജലത്തിൽനിന്ന് നിങ്ങളെ ഉയർത്തുകയും ചെയ്യും. ഈ ലളിതമായ പ്രവൃത്തിയിലൂടെ നിങ്ങളുടെ പഴയമനുഷ്യൻ മരിച്ചിരിക്കുന്നു എന്ന വസ്തുതയെ സാക്ഷിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. സമ്പൂർണ്ണ മുഴുകലിലൂടെ നിങ്ങൾ പ്രതീകാത്മകമായി ആ പഴയ മനുഷ്യനെ കുഴിച്ചിടുന്നു.

ജലത്തിൽനിന്ന് പുറത്തുവരുമ്പോൾ നിങ്ങൾ (ആത്മീയാർത്ഥത്തിൽ പറഞ്ഞാൽ )ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്ന ഒരു പുതുമനുഷ്യനായിത്തീർന്നിരിക്കുന്നതായി പ്രസ്താവിക്കുന്നു.

ഇപ്പോഴും നിങ്ങൾ പൂർണ്ണത പ്രാപിച്ചിട്ടില്ല. എങ്കിലും നിങ്ങളുടെ ജീവിതത്തിന്റെ ഗതിയെ നിങ്ങൾ വ്യത്യാസപ്പെടുത്തിയിരിക്കുന്നു. ഇനിമേലാൽ പാപം ചെയ്യുവാനോ ദൈവത്തെ കോപിപ്പിക്കുവാനോ നിങ്ങൾ ആഗ്രഹിക്കുന്നില്ല.

ഇപ്പോൾ നിങ്ങൾ ഒരു സ്വർഗ്ഗീയപൗരനും ദൈവമകനു(ളു)മായിത്തീർന്നിരിക്കുന്നു.

## അധ്യായം ഏഴ്

# രക്ഷയെ സംബന്ധിച്ച യഥാർത്ഥ സത്യം

'യേശു'എന്ന പേരിന് രക്ഷകൻ എന്നാണ് അർത്ഥം.

ആ പേരോടുകൂടെ അവിടുന്ന് ഭൂമിയിലേക്കു വന്നത് മനുഷ്യരെ അവരുടെ പാപങ്ങളിൽനിന്ന് രക്ഷിക്കുവാൻ വേണ്ടിയത്രേ.

രക്ഷയെന്നത് പാപക്ഷമയെക്കാൾ വ്യാപകമായ ഒരനുഭവമാണ്.

ഈ വ്യത്യാസം വ്യക്തമാക്കുവാൻ ഒരു ദൃഷ്ടാന്തം ഞാൻ പറയട്ടെ

എന്റെ വീട്ടിനുപുറത്തുള്ള റോഡ് നന്നാക്കിക്കൊണ്ടിരിക്കയാണെന്നു സങ്കല്പിക്കുക. അവിടെ ആഴത്തിലുള്ള കുഴി നിർമ്മിക്കപ്പെട്ടു. എന്റെ കൊച്ചുമകനോട്; " കുഞ്ഞേ, ആ കുഴിയുടെ അടുക്കൽ നീ പോകരുത്; അതിൽ നീ വീണുപോയെന്നുവരാം". എന്ന് ഞാൻ താക്കീത് നൽകുന്നു. എന്നാൽ എന്റെ വാക്കു അനുസരിക്കാതെ അവൻ അതിനു സമീപം പോയി അതിന്റെ ഉള്ളിലേക്ക് എത്തിനോക്കുകയും അവൻ കാൽവഴുതി അതിൽ വീണുപോകുകയും ചെയ്യുന്നിവെന്നിരിക്കട്ടെ. 10 അടി ആഴമുള്ള ആ കുഴിയിൽക്കിടന്നുകൊണ്ട് അവൻ എന്നെ വിളിച്ചുകൊണ്ട് നിലവിളിക്കുകയാണ്.

ഞാൻ ഓടി അതിനടുത്തെത്തിയപ്പോൾ എന്റെ വാക്കു അനുസരിക്കാതിരുന്നതിൽ തനിക്കു ദു;ഖമുണ്ടെന്നു തന്നോടു ക്ഷമിക്കണമെന്നും അവൻ എന്നോടു അപേക്ഷിക്കുന്നു. അപ്പോൾ ഞാൻ അവനോട്: "ശരി, മകനേ, ഞാൻ ക്ഷമിച്ചിരിക്കുന്നു. നീ വിഷമിക്കേണ്ടാ" എന്നു പറഞ്ഞു സ്ഥലം വിടുന്നുവെന്ന് ചിന്തിക്കുക. എന്താണ് ഞാൻ അവിടെ ചെയ്തത്? ഞാൻ അവനോട് ക്ഷമിച്ചുവെന്നത് സത്യം തന്നെ. എങ്കിലും ഞാൻ അവനെ രക്ഷിച്ചില്ല എന്നു വ്യക്തമാണല്ലോ.

രക്ഷയെന്നത് ഇതുപോലെയാണ്. അതു ക്ഷമയെയും കവിഞ്ഞുനിൽക്കുന്ന ഒരു വസ്തുതയാണ്. അവൻ വീണുപോയ കുഴുയിൽനിന്ന് ഞാൻ അവനെ വലിച്ചുകരയ്ക്കുകയറ്റുന്നതുപോലെയാണത്.

യേശു നമുക്കുവേണ്ടി ഈ വിധം പ്രവർത്തിക്കുവാനാണ് ഭൂമിയിൽ വന്നത്. അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ചതുകൊണ്ടുമാത്രം മതിയാവുകയില്ല. നമ്മുടെ പാപങ്ങളിൽ നമ്മെ രക്ഷിപ്പാനുംകൂടെയാണ് യേശു

വന്നത്.

നമ്മുടെ മനസ്സാക്ഷിയോടു വീണ്ടും വീണ്ടും അനുസരണക്കേടു കാട്ടിക്കൊണ്ട് നാമെല്ലാം പാപമെന്ന പടുകുഴിയിലേക്കു വീണിരിക്കുകയാണ്. ദൈവം നമ്മോടു ക്ഷമിക്കുന്ന പക്ഷം അതുതന്നെ ഒരത്ഭുതവാർത്തയാണ്. എന്നാൽ ക്രിസ്തുവിലുള്ള സുവാർത്ത, അവിടുന്നു നമ്മോടു ക്ഷമിക്കുക മാത്രമല്ല, പാപത്തിന്റെ ശക്തിയിൽനിന്നു നമ്മെ രക്ഷിക്കുകയും കൂടെ ചെയ്യുന്നുവെന്നതാണ്.

രക്ഷയെന്നത് ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു കാലങ്ങളിലായി നാം അനുഭവിക്കേണ്ട ഒരു കാര്യമാണ്. ഒന്നാമതായി നാം പാപത്തിന്റെ ശിക്ഷയിൽനിന്നു വിടുതൽ നേടുന്നു: പിന്നീട് നാം പാപത്തിന്റെ ശക്തിയിൽനിന്നും വിടുതൽ പ്രാപിക്കുന്നു: അന്തിമമായി നാം സ്വർഗ്ഗത്തിലെത്തുമ്പോൾ പാപത്തിന്റെ സാന്നിധ്യത്തിൽനിന്നുതന്നെയും നാം രക്ഷ നേടുന്നു.

രക്ഷയുടെ ഒന്നാം ഭാഗം പാപങ്ങളുടെ ശിക്ഷയെ സംബന്ധിക്കുന്നതും കഴിഞ്ഞ കാലത്തെ പാപങ്ങലുടെ കുറ്റബോധം നീക്കിക്കളയുന്നതുമാണ്.

എന്നാൽ അതുമാത്രം പോരാ. ഭാവിയിൽ ശരിയായി ജീവിക്കുവാൻ ദൈവത്തിൽനിന്നുള്ള സഹായവും നമുക്കാവശ്യമാണ്. ഇതിലേക്ക് ദൈവം തന്റെ ശക്തി നമുക്ക് ദാനം ചെയ്യുന്നു.

മാനസികവൈകല്യം ബാധിച്ചവരെ ചികിത്സയ്ക്കായി പാർപ്പിക്കുന്ന ഒരു മാനസികാശുപത്രിയെപ്പറ്റിയുള്ള ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ശരിയായ യുക്തിബോധം ലഭിക്കുമാറ് രോഗവിമുക്തി പ്രാപിച്ചവരോ എന്ന് അവിടെയുള്ള ചിലരെ ശോധന ചെയ്യുവാനായി അവർ ഉപയോഗിച്ചുപോന്ന ഒരു പരീക്ഷയുണ്ടായിരുന്നു. ഒരു ടാപ്പിൽനിന്നും വെള്ളം ചീറ്റി വീണുകൊണ്ടിരിക്കുന്ന ഒരു മുറിയിൽ ഒരാളെ ആക്കിയതിനുശേഷം അവിടത്തെ തറ തുവർത്തിയുണക്കുവാൻവേണ്ടി ഒരു ടവ്വലും തൊട്ടിയും അവർ അയാൾക്കു നൽകും. ആദ്യം തന്നെ ടാപ്പ് അടയ്ക്കാതെ അയാൾ ആ പ്രവൃത്തി ആരംഭിക്കുന്നപക്ഷം അയാൾക്ക് ഇതുവരെയം സുബോധം വീണ്ടും ലഭിച്ചിട്ടില്ലെന്ന് അവർ തീരുമാനിക്കും.

നമ്മുടെ പ്രശ്നവും ഇതുതന്നെയാണ്. നമ്മുടെ ഉള്ളിൽ നിരന്തരം പാപത്തെ പുറത്തേക്കു ചീറ്റിക്കൊണ്ടിരിക്കുന്ന ഒരു ടാപ്പുണ്ട്. നാം ചെയ്തുപോയിട്ടുള്ള പാപങ്ങളെ തുവർത്തിമാച്ചുകളയുകമാത്രമല്ല യേശു ചെയ്യുന്നത്. ആ ടാപ്പ് അടച്ചുകളവാനുള്ള ശക്തിയുംകൂടെ അവിടുന്നു നമുക്ക് നൽകുന്നു. ഇതു ലഭിക്കാത്തപക്ഷം സുവിശേഷം ഒരു സുവാർത്തയായിത്തീരുന്നില്ലെതന്നെ.

സുവിശേഷത്തെ (സുവാർത്തയെ) ബൈബിളിൽ രക്ഷയ്ക്കായി വ്യാപരിക്കുന്ന ദൈവശക്തിയെന്ന് നിർവചിച്ചിരിക്കുന്നു(റോമർ അധ്യായം 1വാക്യം 16).

ശക്തിയുടെ ഒന്നാമത്തെ ഉറവിടം ദൈവവചനമാണ്. പാപപ്രേരണകളെ ജയിക്കുവാൻ നമ്മെ സഹായിക്കുന്ന ശക്തമായ ഒരായുധമാണ് ബൈബിൾ അഥവാ ദൈവവചനം. യേശു തന്നെയും ദൈവവചനത്തിന്റെ ശക്തിയിലൂടെ സാത്താന്റെ പരീക്ഷകളെ ജയിച്ചതായി നാം ബൈബിളിൽ വായിക്കുന്നു (മത്തായി അധ്യായം 4 വാക്യം 1–11).

ഇതിനുവേണ്ടിയാണ് ദൈവവചനം ദിനംപ്രതി വായിക്കുന്ന ഒരു ശീലം നാം വളർത്തേണ്ടിയിരിക്കുന്നത്. അപ്രകാരം ചെയ്താൽ പ്രതിദിനജീവിതത്തിലെ പോരാട്ടങ്ങളെ അഭിമുഖീകരിക്കുവാൻ നമ്മെ ശക്തരാക്കുമാറ് ദൈവം അതിലൂടെ നമ്മോട് സംസാരിക്കും.

ബൈബിൾ യുവാക്കന്മാരോട് ഇപ്രകാരം പറയുന്നു: “ ബാല്യക്കാരേ. ദൈവവചനം നിങ്ങളിൽ വസിച്ചിട്ട് സാത്താനെ ജയിക്കുമാറ് നിങ്ങൾ ശക്തരായിത്തീർന്നിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു” (യോഹന്നാൻ ഒന്നാം ലേഖനം അധ്യായം 2 വാക്യം 14 ).

ശക്തിയുടെ രണ്ടാമത്തെ ഉറവിടം നമ്മിൽ വസിക്കുവാനായി വന്നുചേരുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ജീവിതത്തിലെ പോരാട്ടങ്ങളിൽ നമ്മെ ശക്തിപ്പെടുത്തുവാനും യേശുവിന്റെ കാൽപ്പാടുകളിലൂടെ അവിടുത്തെ ശിഷ്യന്മാരായി പിന്തുടരുവാൻ നമ്മെ സഹായിക്കുവാനുമായി നാൾതോറും നമ്മോടു സംസാരിക്കുവാൻ എന്നേക്കും നമ്മോടുകൂടെ വസിക്കുവാൻ അവിടുന്ന് (പരിശുദ്ധാത്മാവ്) ആഗ്രഹിക്കുന്നു. നമ്മെ നിരന്തരം പരിശുദ്ധാത്മാവിനാൽ നിറയ്ക്കുവാൻ നാം ദൈവത്തോടപേക്ഷിക്കണം.

കർത്താവായ യേശുക്രിസ്തു ഇപ്രകാരം പറഞ്ഞിട്ടുണ്ട്: “പാപികളായ മനുഷ്യർപോലും തങ്ങളുടെ മക്കൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുമെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് അത്രത്തോളമെങ്കിലും ചെയ്യുമെന്നും തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുമെന്ന് നിങ്ങൾക്കു തോന്നുന്നില്ലേ” (ലൂക്കോസ് അധ്യായം 11 വാക്യം 13 ).

ശക്തിയുടെ മൂന്നാമത്തെ ഉറവിടം തുല്യചിത്തരായ ക്രിസ്ത്യാനികളുമായുള്ള കൂട്ടായ്മയാണ്.

അനേകം വിറകുകൊള്ളികൾ ഒരുമിച്ച് ഒരടുപ്പിൽ ഇരിക്കുമ്പോൾ അവയെല്ലാം ആളിക്കത്തും. എന്നാൽ അവയിൽ ഒരു കൊള്ളി മാത്രമായി പുറത്തേക്ക് എടുക്കുന്നപക്ഷം (അത് ഏറ്റവും നല്ലവണ്ണം എരിയുന്ന ഒരു കൊള്ളിയായാൽ തന്നെയും) അതു വേഗം മങ്ങിക്കെട്ടുപോകും. നാമും മറ്റു ക്രിസ്ത്യാനികളുമായി കൂട്ടായ്മയില്ലാതെ ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ശ്രമിക്കുന്നപക്ഷം നമ്മുടെ കാര്യവും അപ്രകാരം തന്നെയായിത്തീരും.

എങ്കിലും ഇവിടെയാണ് നാം ശ്രദ്ധാലുക്കളായിരിക്കേണ്ടത്. എന്തെന്നാൽ ക്രിസ്ത്യാനികളെന്നു സ്വയം വിളിക്കുന്ന എല്ലാവരും ക്രിസ്ത്യാനികളല്ല.

പരമാർത്ഥത്തിൽ, തങ്ങളെത്തന്നെ ക്രിസ്ത്യാനുകളെന്ന് വിളിക്കുന്നവരിൽ 90% ആളുകളും, അവർ ഏതു

ക്രിസ്തീയ സമൂഹത്തിലോ സഭാവിഭാഗത്തിലോ ഉൾപ്പെട്ടവരായാലും, ദൈവമക്കളല്ല എന്നു പറയുന്നതാവും ശരി. അവർ തങ്ങളുടെ പാപം വെടിഞ്ഞ് ക്രിസ്തുവിനെ തങ്ങളുടെ ജീവിതങ്ങളിൽ കർത്താവായി സ്വീകരിക്കുവാനുള്ള വ്യക്തിപരമായ ഒരു തീരുമാനം എടുത്തിട്ടില്ല. കേവലം ജനനമെന്ന യാദൃച്ഛികതനിമിത്തം– അതായത് ക്രിസ്തീയഭവനങ്ങളിൽ തങ്ങൾ ജനിച്ചിട്ടുള്ളതുകൊണ്ടുമാത്രം– തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അവർ സങ്കല്പിക്കുന്നു.

ഇപ്രകാരം പേരുകൊണ്ടുമാത്രം ക്രിസ്ത്യാനുകളായവരെ നാം വിട്ടുമാറുകയും അനുഭവംകൊണ്ടു ക്രിസ്ത്യാനികളായിത്തീർന്നു തങ്ങളുടെ ദൈനംദിനജീവിതത്തിൽ യേശുക്രിസ്തുവിനെ പിൻന്തുടരുവാൻ ആഗ്രഹിക്കുന്നവരുമായി കൂട്ടായ്മ ലഭിക്കുവാൻ നാം ആഗ്രഹിക്കുകയും ചെയ്യണം.

നാം ക്രിസ്തുവിനെ നമ്മുടെ കർത്താവും രക്ഷിതാവുമായി കൈക്കൊള്ളുമ്പോൾ നാം ഉയരത്തിൽനിന്നുള്ള ജനനം പ്രാപിച്ച് ദൈവമക്കളായിത്തീരുമെന്ന് ബൈബിൾ പറയുന്നു. ഇപ്പോൾ ദൈവം നമ്മുടെ പിതാവാണ്. ഭൗമികപിതാക്കന്മാരെപ്പോലെതന്നെ നമ്മുടെ ഇഹലോകജീവിതത്തിനാവശ്യമായി ആത്മീയവും ശാരീരികവുമായിട്ടുള്ള സകലവും നമുക്കു നൽകുവാൻ ദൈവം തൽപരനാണ്.

നാം നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ താൽപര്യങ്ങൾ അന്വേഷിക്കുന്നപക്ഷം നമ്മുടെ ഭൗമികജീവിതത്തിനാവശ്യമായ സകലവും ദൈവം നമുക്കു നൽകുമെന്ന് കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തിട്ടുണ്ട്.

അവിടുന്ന് ഇപ്രകാരം പറഞ്ഞു: " നിങ്ങൾക്ക് എന്താണാവശ്യമെന്ന് നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് അറിയുന്നു. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുകയും അവിടുന്ന് ആഗ്രഹിക്കുന്നതുപോലെ ജീവിക്കുകയും ചെയ്യുമെങ്കിൽ ഇതെല്ലാം അവിടുന്നു നിങ്ങൾക്കു നൽകും" (മത്തായി അധ്യായം 6 വാക്യം 33).

ഒരു ദൈവപൈതലിനുള്ള ഏറ്റവും വലിയ അവകാശങ്ങളിലൊന്ന് പ്രാർത്ഥനയെന്ന അവകാശമാണ്. സർവശക്തനായ ദൈവത്തോട് സംസാരിക്കുവാനും ദൈവം തന്റെ ആത്മാവിലൂടെ തന്നോടു സംസാരിക്കുന്നതു കേൾക്കുവാനുമുള്ള അവകാശമാണത്. സാധാരണ നമ്മുടെ ചെവികൊണ്ട് നമുക്ക് കേൾക്കാവുന്ന ഒരു ശബ്ദത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നില്ല. ദൈവം നമ്മോട അന്തരാത്മാവിന്റെ മേൽ പതിയുന്ന ഒരു ധാരണയിലൂടെ ദൈവം നമ്മോടു സംസാരിക്കും. ശ്രവ്യമായ ഒരു ശബ്ദം പോലെ അത് അത്ര യഥാർത്ഥമായി അനുഭവപ്പെടുകയും ചെയ്യും. നമ്മുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന എന്തു കാര്യവും ദൈവത്തോടു സംസാരിക്കുവാൻ യേശു നമ്മെ ഉത്സാഹിപ്പിച്ചിട്ടുണ്ട്.

തങ്ങളുടെ ദു:ഖങ്ങൾ പങ്കുവയ്ക്കുവാൻ പറ്റിയ ആരും ഇല്ലാത്തുതുമൂലം നിശ്ശബ്ദമായി കഷ്ടത സഹിക്കുന്ന അനേകം ആളുകളുണ്ട്. എന്നാൽ ഒരു ദൈവപൈതലിന് സ്വർഗ്ഗസ്ഥനായ ഒരു പിതാവുണ്ട്. ആ പിതാവുമായി ഏതു ദു:ഖം പങ്കുവയ്ക്കുവാനും അവനു കഴുയും. തനിക്ക് ഈ ലോകത്തിൽ ആവശ്യമായ എന്തുകാര്യവും തന്റെ സ്വർഗ്ഗസ്ഥപിതാവു നൽകുമെന്ന ഉറപ്പോടെ ആ പിതാവിൽ ആശ്രയം വയ്ക്കുവാനും അവനു കഴിയും.

കാര്യങ്ങളെ വ്യത്യാസപ്പെടുത്തുവാൻ ദൈവത്തോടപേക്ഷിച്ചിട്ട് അവയെ വ്യത്യാസപ്പെടുത്തുവാനും കർത്താവയ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇതാണ് പ്രാർത്ഥനയുടെ അദ്ഭുതശക്തി. ചില കാര്യങ്ങൾ ഏതെങ്കിലും വിധത്തിൽ നമുക്കോ നമ്മുടെ കുടുംബങ്ങൾക്കോ ദോഷം വരുത്തുന്നുവെങ്കിൽ സംഭവിക്കുന്നതെല്ലാം ദൈവഹിതമാണെന്നു പറഞ്ഞുകൊണ്ട് നിസ്സാഹായമായ ഒരുതരം വിധിവിശ്വാസമനോഭാവത്തോടെ എല്ലാറ്റിനെയും സ്വീകരിക്കേണ്ട ആവശ്യവും നമുക്കില്ല. ഇത്തരം വിധിവിശ്വാസം ദൈവഹിതത്തിനു കീഴടങ്ങുന്ന മനോഭാവത്തിൽനിന്ന് വ്യത്യസ്തമാണ്. നമുക്കാവശ്യമായതെല്ലാം ദൈവത്തോട് അപേക്ഷിക്കുവാൻ ദൈവവചനം നമ്മെ ഉത്സാഹിപ്പിക്കുന്നു.

ദൈവം നിങ്ങളുടെ സകല ആവശ്യങ്ങളും സാധിച്ചുതരും എന്നതാണ് ബൈബിൾ നൽകുന്ന വാഗ്ദാനം (ഫിലിപ്പിയർ അധ്യായം 4 വാക്യം 19).

എന്നാൽ എല്ലാ ജ്ഞാനമുള്ള പിതാക്കളെയുപോലെ ദൈവവും നാമാഗ്രഹിക്കുന്നതും നാം ചോദിക്കുന്നതുമായ എല്ലാ കാര്യങ്ങളും നമുക്ക് നൽകുകയില്ല. നമുക്കാവശ്യമായതും നമ്മുടെ നന്മയ്ക്കുതകുന്നതെന്നു താൻ കാണുന്നതുമായ കാര്യങ്ങൾ മാത്രമേ അവിടുന്നു നൽകുകയുള്ളൂ.

ദൈവം നല്ലവനായ ഒരു ദൈവമാണ്. തന്റെ മക്കളിൽ ആർക്കെങ്കിലും എപ്പോഴെങ്കിലും വല്ല ദോഷവും സംഭവിക്കണമെന്നു അവിടുന്ന് ആഗ്രഹിക്കുന്നില്ല. അതിനാൽ നമുക്ക് ധൈര്യത്തോടെ അവിടുത്തെ അടുക്കൽച്ചെന്ന് എല്ലാ ദോഷങ്ങളിൽനിന്നും നമ്മെ വിടുവിക്കണമെ എന്നു പ്രാർത്ഥിക്കാം.

മറ്റുള്ളവർ ചെയ്ത മന്ത്രവാദമോ ക്ഷുദ്രപ്രയോഗമോ നിമിത്തം കഷ്ടതയനുഭവിക്കുന്ന ധാരാളമാളുകൾ ലോകത്തിലുണ്ട്. നിങ്ങൾ നിങ്ങളുടെ ഹൃദയവും ജീവിതവും ക്രിസ്തുവിനായി നൽകിയിട്ടുണ്ടെങ്കിൽ അത്തരം പൈശാചികപ്രവർത്തനങ്ങൾ മേലാൽ നിങ്ങൾക്കു ദോഷം ചെയ്യുകയില്ല. പിശാചിനെ ജയിച്ച യേശുവിന്റെ നാമത്തിൽ നിങ്ങൾക്ക് സാത്താനെ തുരത്തിക്കളയാം.

നിങ്ങൾ യേശുക്രിസ്തുവിന്റെ നാമത്തിൽ മന്ത്രവാദത്തെയും ക്ഷുദ്രപ്രയോഗത്തെയും എതിർക്കുന്ന പക്ഷം അവയൊന്നും നിങ്ങളെയൊ നിങ്ങളുടെ മക്കളെയോ ബാധിക്കയില്ല. നിങ്ങളെ രക്ഷിപ്പാനായി യേശുക്രിസ്തുവിന്റെ നാമം നിങ്ങൾ വിളിച്ചപേക്ഷിക്കുന്നുവെങ്കിൽ നിങ്ങൾക്കെതിരേ ചെയ്യപ്പെട്ട മന്ത്രപ്രയോഗത്തിന്റെ ശക്തിയെ ഇപ്പോൾ ഈ നിമിഷത്തിൽത്തന്നെ പുറത്താക്കുവാൻ കഴിയും.

യേശു ക്രൂശിന്മേൽ മരിച്ചപ്പോൾ അവിടുന്ന് സാത്താനെ ജയിക്കുകയും അവന്റെ ശക്തിയെല്ലാം നീക്കിക്കളുകയും ചെയ്തുവെന്ന് ബൈബിൾ പറയുന്നു. ഇതു സംഭവിത്തുകഴിഞ്ഞ കാര്യമാണ്. എങ്കിലും പാപക്ഷമയുടെ കാര്യത്തിലെന്നപോലെ ഇവിടെയും നിങ്ങൾ അതു സ്വയം സ്വീകരിക്കുന്നതുവരെ നിങ്ങളുടെ ജീവിതത്തിൽ സാത്താന്റെ പരാജയം ഒരു യാഥാർത്ഥമായിത്തീരുകയില്ല.

"യേശു തന്റെ മരണത്തിലൂടെ പിശാചിന്റെ ശക്തിയെ തകർത്തു......ആ മാർഗ്ഗത്തിലൂടെ മാത്രമേ അദ്ദേഹത്തിന് ജീവിതകാലം മുഴുവൻ നിരന്തരമരണഭീതിയ്ക്ക് അടിമകളായിക്കഴിഞ്ഞവരെ വിടുവിക്കുവാൻ സാധ്യമായിരുന്നുള്ളൂ. (എബ്രായർ അധ്യായം 2 വാക്യം 14, 15 ).

"നിങ്ങളെത്തന്നെ താഴ്മയോടെ ദൈവത്തിനു സമർപ്പിക്കുവിൻ: പിശാചിനോട് എതിർത്തുനിൽക്കുവിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും " (യാക്കോബ് അധ്യായം 4 വാക്യം 7 ).

നാം ദൈവമക്കളായിത്തീർന്നതിനുശേഷവും സാത്താൻ നമ്മെ പരീക്ഷിക്കുവാൻ ദൈവം പിന്നെയും അനുവാദം നൽകും. കാരണം ആ വിധത്തിൽ മാത്രമേ ശക്തരായിത്തീരുവാൻ കഴിയൂ. എന്നാലിപ്പോൾ സാത്താന്റെ എല്ലാ പ്രവൃത്തികളോടും ഏതിർത്തുനിൽക്കുവാനും സാത്താന്റെ ആക്രമണങ്ങളെ ജയിക്കുവാനുമായി പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ ഉള്ളിൽ വസിക്കുന്നുണ്ട്.

തന്റെ മക്കളുടെ ഭൗമികജീവിതം കഷ്ടങ്ങളിലും പ്രശ്നങ്ങളിലുംനിന്നു സ്വതന്ത്രമായിരിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടില്ല.

ജനനകാലം മുതലേ അമിതവാത്സല്യം മുലം ദുഷിക്കപ്പെട്ട സമ്പന്നകുമാരന്മാരെപ്പോലെയായിത്തീരാതെ തന്റെ മക്കൾ ഉറപ്പുള്ളവരും ശക്തരുമായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അപ്രകാരം നമ്മെ ശക്തരാക്കിത്തീർക്കുന്നതിനുവേണ്ടി ജീവിതത്തിൽ നാം മറ്റു മനുഷ്യരെപ്പോലെ പീഡനങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കുവാൻ അവിടുന്നു അനുവദിക്കുന്നു.

എന്നാൽ എല്ലാ സാഹചര്യങ്ങളിലും അവിടുത്തെ അദ്ഭുതാവഹമായ സഹായം ലഭിക്കുന്നതിലൂടെ ഇത്തരം കഷ്ടതകളിലാണ് നമുക്ക് ദൈവത്തെ കൂടുതലായി അറിവാൻ സാധിക്കുന്നത്.

## അധ്യായം ഒൻപത്

# നിത്യതയെ സംബന്ധിച്ച യഥാർത്ഥ സത്യം

ദൈവപൈതലായിത്തീർന്ന ഒരാൾക്ക് നിത്യതയിലെ കാര്യങ്ങൾ ഇന്നുള്ള കാര്യങ്ങളെക്കാൾ വിലയേറിയവയാണ്. ഈ ഭൂമിയിലെ വിലപ്പെട്ട കാര്യങ്ങളെക്കാൾ സ്വർഗ്ഗത്തിലെ വിലയേറിയ കാര്യങ്ങൽ അയാൾക്ക് അത്യന്തം പ്രധാനമായിത്തീർന്നിരിക്കുന്നു.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് കർത്താവായ യേശുക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റശേഷം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ ഈ ഭൂമിയിലേക്ക് താൻ വീണ്ടും വരുമെന്ന് വാഗ്ദാനം ചെയ്തു.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവെന്നു പറയുന്നത് ഇതിനെപ്പറ്റിയാണ്.

ലോകചരിത്രത്തിലെ അടുത്ത മഹാസംഭവം ഇതത്രേ.

ആ ദിവസത്തിൽ ക്രിസ്തു ഈ ഭൂമിയിലേക്കു തിരിയെ വരിമ്പോൾ ഒരു ദൈവപൈതൽ തന്റെ മുഴുവൻ ജീവിതത്തിന്റെയും ഒരു കണക്കു ബോധിപ്പിക്കേണ്ടതാണ് എന്ന് അയാൾ മനസ്സിലാക്കുന്നു.

നിത്യതയിലേക്കുള്ള നമ്മുടെ പ്രയാണത്തിലെ ഒരു ഘട്ടം മാത്രമാണ് ഈ ലോകജീവിതം. ഇവിടെ ദൈവം നമുക്ക് ഒരു താൽക്കാലികസ്ഥാനം നൽകിയിരിക്കുകയാണ്. നാം സ്വർഗ്ഗത്തിലെ ശാശ്വതകാര്യങ്ങളെയാണോ ഈ ലോകത്തിലെ താൽക്കാലിക കാര്യങ്ങളെയാണോ തെരഞ്ഞെടുക്കുന്നതെന്ന് അറിയുവാൻവേണ്ടി ഈ ലോകത്തിലെ സാഹചര്യങ്ങളിലൂടെ ദൈവം നമ്മെ ശോധന ചെയ്യുകയാണ്.

നാം ജ്ഞാനമുള്ളവരാണെങ്കിൽ നിത്യതയിൽ വിലയുള്ള കാര്യങ്ങൾ തെരഞ്ഞെടുക്കും.

തിളങ്ങുന്നതും നിറപ്പകിട്ടുള്ളതുമായ ഒരു കടലാസുകഷണത്തെയായിരിക്കും ഒരു കൊച്ചുകുട്ടി 500 രൂപായുടെ ഒരു നോട്ടിനെക്കാൾ വിലപ്പെട്ടാതായിക്കരുതുന്നത്. കൊച്ചുകുട്ടിക്ക് മൂല്യബോധമില്ലാത്തതാണ് ഇതിന് കാരണം. നാം നിത്യമായ സ്വർഗ്ഗീയ കാര്യങ്ങളെക്കാൾ ഈ ലോകത്തിലെ കാര്യങ്ങളെ അധികം വിലപ്പെട്ടവയായിക്കരുതുമ്പോൾ ഈ കൊച്ചുകുട്ടിയെപ്പോലെയാണ് നാം പെരുമാറുന്നത്.

ഈ ലോകവും അതിലുള്ള സകലവും നീങ്ങിപ്പോകുന്നവയാണെന്ന് ദൈവം തന്റെ വചനത്തിൽ വളരെ

വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

അതിനാൽ ഈ ലോകത്തിലെ താൽക്കാലിക കാര്യങ്ങൾക്കായി ജീവിക്കുന്നത് വേഗം പൊളിഞ്ഞുപോകുവാനിരിക്കുന്ന ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതുപോലെയാണ്.

ജ്ഞാനിയായ ഒരു മനുഷ്യൻ ഉറപ്പുള്ള ഒരു ബാങ്കിൽ തന്റെ പണം നിക്ഷേപിക്കും. ഇതുപോലെതന്നെ യഥാർത്ഥ ജ്ഞാനമുള്ളവർ നിത്യമായ വിലയുള്ളവയ്ക്കുവേണ്ടി - സ്വഭാവശ്രേഷ്ഠത, വിശുദ്ധി, സ്നേഹം, നന്മ, ക്ഷമ, വിനയം തുടങ്ങിയവയ്ക്കുവേണ്ടിത്തന്നെ- ജീവിക്കും. നാം ഈ ലോകം വിട്ടുപോകുമ്പോൾ നമ്മോടൊപ്പം കൊണ്ടുപോകുവാൻ കഴിയുന്നത് ഈ കാര്യങ്ങൾ മാത്രമാണ്.

തങ്ങളുടെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെടാതെ മരിക്കുന്നവരുടെ അന്ത്യം ഭയാനകമായിരിക്കുമെന്ന് ബൈബിൾ പറയുന്നു.

“മനുഷ്യർ ഒരിക്കൽ മരിക്കുകയും പിന്നീട് അവർക്കു ന്യായവിധി ഉണ്ടാവുകയും ചെയ്യും” (എബ്രായർ അധ്യായം 9 വാക്യം 27).

ഒരു മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ പിന്നെ അയാൾക്ക് മാനസാന്തരപ്പെടുവാൻ അവസരമുണ്ടാവുകയില്ല. ദൈവത്തിന്തന്നെയും അപ്രകരമൊരു വ്യക്തിക്കു മാറ്റം വരുത്തുവാൻ സാധ്യമല്ല: കാരണം ഒരുവന്റെ ഇച്ഛയ്ക്ക് വിപരീതമായി ദൈവം അയാൾക്ക് മാറ്റം വരുത്തുകയില്ല. ഈ ഭൂമിയിലായിരിക്കെ നമുക്ക് മാറ്റം വരണമെന്നു നാമാഗ്രഹിക്കുമ്പോൾ മാത്രമേ നമ്മിൽ മാറ്റം വരുത്തുന്നുള്ളൂ.

ഒരു ഭാവിദിനത്തിൽ ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഓരോ വ്യക്തിയും തന്റെ ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കുവാനായി മരണത്തിൽനിന്നുള്ള ഉയിർത്തെഴുന്നേൽപു പ്രാപിക്കും. രണ്ട് ഉയിർത്തെഴുന്നേൽപുകൾ ഉള്ളതായി ബൈബിൾ പറയുന്നു. മരണത്തോടെ മണ്ണിൽ ലയിച്ചുചേർന്ന മൃതശരീരങ്ങൾ ദൈവത്തിന്റെ പ്രകൃത്യതീതമായ ശക്തിയാൽ വീണ്ടും ശരീരങ്ങളായി ജീവിച്ചെഴുന്നേൽക്കുന്നതാണ് ഉയിർത്തെഴുന്നേൽപ്.

ഒന്നാമത്തെ ഉയിർത്തെഴുന്നേൽപ് നീതിമാന്മാർക്ക്, അതായത് യേശുക്രിസ്തുവിങ്കലേക്കു തിരിഞ്ഞ് പാപക്ഷമ പ്രാപിക്കുകയും ഈ ഭൂമിയിലായിരിക്കുമ്പോൾ തന്നെ ദൈവമക്കളായിത്തീരുകയും ചെയ്തവർക്കുള്ളതാണ്.

രണ്ടാമത്തേ ഉയിർത്തെഴുന്നേൽപാകട്ടെ, യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി കൈക്കൊള്ളാതെയും പാപങ്ങൾ ക്ഷമിക്കപ്പെടാതെയും മരണമടഞ്ഞവർക്കുള്ളതാണ്.

തന്റെ പാപങ്ങളെക്കുറിച്ചു മാനസാന്തരപ്പെടാതെയും പാപക്ഷമയ്ക്കായി യേശുക്രിസ്തുവിൽ വിശ്വസിക്കാതെയും ഒരു മനുഷ്യൻ മരണമടഞ്ഞാൽ അയാൾ ദൈവത്തിന്റെ ന്യായസനത്തിൻമുമ്പാകെ ഒരു ദീവസം ന്യായം വിധിക്കപ്പെടും. അപ്പോൾ അയാളുടെ മുഴുവൻ ജീവിതവും പുനരവലോകനം ചെയ്യപ്പെടും. തന്റെ പാപങ്ങൾക്കായി അയാൾ നിത്യശിക്ഷാവിധിക്കു യോഗ്യനായിത്തീർന്നിരിക്കുന്നുവെന്ന് ലോകത്തിനുമുഴുവൻ ബോധ്യമാകും.

അതിനുശേഷം അയാളെ നിത്യത മുഴുവനിലേക്കും ഗന്ധകത്തീപ്പൊയ്കയിൽ ഇട്ടുകളയും. ഒരിക്കലുമവസാനിക്കാത്ത ഒരു ശിക്ഷാവിധിയായരിക്കും അത്. യേശുക്രിസ്തുവിനെ തള്ളിക്കളയുന്ന എല്ലാവരും നിത്യതയിലുടനീളം നേരിടുവാൻ പോകുന്ന ഭയാനകമായ അന്ത്യം ഇതത്രേ.

പ്രപഞ്ചത്തിലുള്ള സകല തിന്മയുടെയും പ്രാരംഭപ്രവർത്തകനും മനുഷ്യരെ പാപത്തിലേക്കു നയിക്കുന്നതിനു കാരണക്കാരനുമായ സാത്താൻ താനും ആദ്യം തന്നെ ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളപ്പെടും.

നേരെമറിച്ച് തന്നെത്താൻ താഴ്ത്തി തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ചേറ്റുപറഞ്ഞു ഉപേക്ഷിക്കയും യേശുക്രിസ്തുവിന്റെ ക്രൂശുമരണം മുഖാന്തരം ദൈവം നൽകുന്ന പാപക്ഷമ കൈക്കൊള്ളുകയും ചെയ്തവർ സ്വർഗ്ഗീയമായ സന്തോഷത്തിലേക്കു പ്രവേശിക്കും. അവിടെ അവർ ദൈവത്തോടും യേശുക്രിസ്തുവിനോടുമൊപ്പം നിത്യകാലവും വസിക്കും.

സ്വർഗ്ഗം വിശുദ്ധിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഇരിപ്പിടമാണ്. അവിടെ ദൈവദൂതന്മാരും തങ്ങളുടെ പാപങ്ങളിൽനിന്നു രക്ഷപ്രാപിച്ച മനുഷ്യവർഗ്ഗവും ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും നിത്യത മുഴുവനും വിവിധരൂപത്തിൽ അവിടുത്തെ സേവിക്കയും ചെയ്യും.

നമുക്കു മുമ്പേ ഈ ലോകം വെടിഞ്ഞിട്ടുള്ളവരും തങ്ങളുടെ രക്ഷയ്ക്കായി യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവമക്കളായി മരണമടഞ്ഞിട്ടുള്ളവരുമായ നമ്മുടെ പ്രീയപ്പെട്ടവരോടുള്ള ഒരു പുനസ്സമാഗമത്തിന്റെ സ്ഥലവും കൂടെയായിരിക്കും അത്.

ഒരു യഥാർത്ഥ ദൈവപൈതൽ ദൈവത്തോടൊപ്പം നിത്യകാലവും വസിക്കുന്ന ആ മഹത്വകരമായ ദിനത്തിനുവേണ്ടി നോക്കിപ്പാർക്കുന്നവനായിരിക്കും.

****************************************

***********************

ഇപ്പോൾ യഥാർത്ഥസത്യം നിങ്ങൾ അറിഞ്ഞിരിക്കെ നിങ്ങളുടെ പ്രതികരണം എന്താകുവാനാണ് പോകുന്നതു?

നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് നിങ്ങളെ ഒരു ദൈവമകനോ മകളോ ആക്കുവാൻ അപേക്ഷിക്കുന്ന

ആപ്രാർത്ഥന നിങ്ങൾ പ്രാർത്ഥിച്ചുവോ?

ദൈവം നിങ്ങളുടെ ഹൃദയത്തോടു സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലാണ് ആ പ്രാർത്ഥന പ്രാർത്ഥിക്കേണ്ടത്.

നാം എപ്പോൾ മരിച്ച് ഈ ലോകം വിട്ടുപോകുമെന്ന് നമ്മിലാർക്കും പറയുവാൻ സാധ്യമല്ല.

ഈ വരുന്ന ഏതെങ്കിലുമൊരു ദിവസം ഭൂമിയിൽ നമ്മുടെ അന്ത്യദിനമായിരിക്കാം.

ആ ദിവസം വരുന്നതിനുമുമ്പ് നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുവെന്നും നിങ്ങൾ ദൈവത്തെ കണ്ടുമുട്ടുവാൻ ഒരുക്കമാണെന്നും ഉറപ്പുവരുത്തുക.

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

1. ഇളകാത്ത അടിസ്ഥാനം **(A good foundation)**
2. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥന
   (എങ്ങനെ പ്രാർത്ഥിക്കണം? **(God- centred praying)**
3. അദ്ഭുതസത്യങ്ങൾ **(Amazingx facts)**
4. മുൻഗണന ഏതിന്? **(supreme priorties)s**
5. സമ്പൂർണ്ണ സുവിശേഷം **(The full gospel)**
6. ജയജീവിത രഹസ്യങ്ങൾ **(Secrets of victory)**
7. ക്രിസ്തുവും തന്റെ സഭയും **(The Lord and His church)**
8. ദൈവത്തിന്റെ അംഗീകാരം ശോധനകളിലൂടെ **(Gaining God's approval)**
9. പുതുവീഞ്ഞു പുതിയ തുരുത്തിയിൽ **(New wine in new wine skins)**
10. സമ്പൂർണ്ണ ജീവിതം
    (ഗിരിപ്രഭാഷണം ഒരു പഠനം) **(Abundant life)**
11. നിങ്ങളുടെ പ്രതിയോഗിയെ അറിയുക **(Know your enemy)**
12. ദൈവഹിതം കണ്ടെത്തുക **(Finding God's will)**
13. പുതിയനിയമത്തിലെ ദൈവഭൃത്യൻ **(The new covenant servant )**
14. സെക്സ്, പ്രേമം, വിവാഹം **(Sex, love, marriage)**

ആവശ്യപ്പെടേണ്ടും മേൽവിലാസം:

**ക്രിസ്ത്യൻ അസംബ്ലി,**
**കുമാരനല്ലൂർ പി.ഒ**
**കോട്ടയം 686 016.**
**കേരളം.**